വിൽപ്പാൻ തയ്യാർ!
ബാലരാമായണം
(By പി. ആനന്ദവല്ലി)
ഗദ്യം. ഹൈന്ദവഭവനങ്ങളിലെ എല്ലാ കുട്ടികളും നിത്യപാരായണം ചെയ്യേണ്ടതു്.
വില അണ 8.
Apply to:-
വില്യുരംഗം പ്രസ്സ് & ബുക്ക്ഡിപ്പോ, ആലപ്പുഴ.

പ്രഭാതപ്പതിപ്പ് Registered No. M. 5797 PHONE No 523 വില 1 ണ. 6 സ.

ദേശബന്ധു

Vol. 4 | കോട്ടയം 1952 സെപ്റ്റംബർ 10 ബുധൻ പേജ് 4 | No 208

വിവിധ ഡാക്ടർമാരും ത്വക്രോഗ വിദഗ്ദ്ധന്മാരും പരിശോധിച്ച് ഏററവും ഫലപ്രദമെന്നു തൃപ്തിപ്പെട്ടിട്ടുള്ളതു്
ആർക്കും ദിവസേന ഉപയോഗിക്കാവുന്ന സിദ്ധൗഷധസോപ്പ്!

സ്വരാജ് ബുള്ളററിൻ No. 6

"ഭസ്മാസുര"വേട്ട പുരോഗമിക്കുന്നു

ഇന്നലെ നാലു് സ്വരാജ് ബസ്സുകൂടി അറസ്റ്റ്ചെയ്തു

(പ്ര-ലേ)

കോട്ടയം, സെപ്ം: 9

സ്വരാജ് ബസ്സുകൾക്കെതിരായുള്ള "ഭസ്മാസുരവേട്ട" ഇന്നു പതിവിലും ഊർജ്ജസ്വലമായി പുരോഗമിച്ചു. കഴിഞ്ഞദിവസങ്ങളിൽ ഒന്നും രണ്ടും സ്വരാജ് ബസ്സുകൾ വീതമാണു് അറസ്റ്റും ചെയ്തിരുന്നതു്. എന്നാൽ ഇന്നു് നാലു സ്വരാജ്ബസ്സുകൾ അറസ്റ്റുചെയ്യുകയുണ്ടായി. തലസ്ഥാനനഗരിയിൽനിന്നു് ഫോൺമാർഗ്ഗം സ്ഥലത്തെ പോലീസ് അധികൃതർക്കു് നിമിഷംതോറുമെന്നപോലെ പോലീസ്മേധാവി, സ്വരാജ് ബസ്സുകൾക്കെതിരായുള്ള പോലീസ് ആക്ഷൻ സംബന്ധിച്ചു് നിർദ്ദേശങ്ങൾ നൽകിവരികയാണു്.

ഇന്നു് കോട്ടയം-ഒള്ളൂർ ലൈനിൽ സർവ്വീസ് ഓടുന്ന ഒരു സ്വരാജ്ബസ്സ് 6. 30-നു് കോട്ടയം സ്റ്റാൻറിൽവച്ചു് ട്രാഫിക്ക് അസിസ്റ്റൻറ് ഭഗവതീശ്വര്യയും പാർട്ടിയും ചേർന്നു് അറസ്റ്റു ചെയ്തു.

അതുകഴിഞ്ഞു് 6. 45-നു് ടൗൺസർവ്വീസ് ഓടുന്ന മറെറാരു സ്വരാജ്ബസ്സും സർക്കിൾ ഇൻസ്പെക്ടർ വേണുഗോപാലനും ട്രാഫിക്ക് ഹെഡ്കോൺസ്റ്റബിളും ചേർന്നു് കോട്ടയം സ്റ്റാൻറിൽവച്ചു് അറസ്റ്റുചെയ്യുകയുണ്ടായി. ആദ്യം അറസ്റ്റുചെയ്ത ബസ്സിൻെറ മഹസ്സർ എഴുതുന്ന ജോലിയിൽ മുഴുകിയിരുന്നതുകൊണ്ടാണു് ട്രാഫിക്ക് അസിസ്റ്റൻറിന് രണ്ടാമത്തെഅറസ്റ്റിൽ ഭാഗഭാക്കാകാൻ കഴിയാതെപോയതെന്നും അതിൽ ട്രാഫിക്ക്അസിസ്റ്റൻറിനു് "കഠിനമായ നിരാശ" യുണ്ടായെന്നും പറയപ്പെടുന്നു.

കോട്ടയം-ഈരാററുപേട്ട ലൈനിൽ സർവ്വീസ് ഓടുന്ന ഒരു സ്വരാജ്ബസ്സ് ഇന്നു രാവിലെ 8. 15-നു് ഈരാററുപേട്ട സ്റ്റാൻറിൽവച്ചു തൊട്ടുപുറ സർക്കിൾ ഇൻസ്പെക്ടർ നാരായണയ്യരും പാർട്ടിയും ചേർന്നു് അറസ്റ്റുചെയ്യുകയുണ്ടായി.

അതിനുശേഷം ഉച്ചയ്ക്കു 12 മണിക്കു കോട്ടയം-ഈരാററുപേട്ട ലൈനിൽ സർവ്വീസ് ഓടുന്ന മറെറാരു സ്വരാജ് ബസ്സ് പാലാ ഇൻസ്പെക്ടരും അറസ്റ്റുചെയ്തു.

ഇതോടുകൂടി അറസ്റ്റ്ചെയ്യപ്പെട്ട സ്വരാജ് ബസ്സുകളുടെ എണ്ണം 12ആയിവർദ്ധിച്ചിരിക്കുന്നു.

"പിടിക്കാവുന്നത്ര സ്വരാജ് ബസ്സുകളെല്ലാം പിടിച്ചുകൊള്ളണം. ഇനി അധികംസമയം ഇതിനു കിട്ടുകയില്ല" എന്നു പോലീസ് മേധാവി നിർദ്ദേശം നൽകിയിരിക്കുന്നതായും സൂക്ഷ്മമായി അറിയുവാൻ കഴിഞ്ഞിട്ടുണ്ടു്.

പ്രധാനമന്ത്രിനെഹ്രു വീണ്ടും രണ്ടുവർഷത്തേക്കു കോൺ: പ്രസിഡൻറായി തുടരും

പ്രദേശ് കോൺഗ്രസ്കമ്മററിപ്രസിഡൻറന്മാരുടെ സമ്മേളനം സെപ്ം: 11-നു് ഇൻറോറിൽവച്ചു കൂടുന്നു

ഹൈദ്രബാദ്, സെ: 9

സ്റ്റേററുകളിൽ കോൺഗ്രസ്സിൻെറ സംഘടനാപരവും പാർലമെൻററിയും വിഭാഗങ്ങൾ തമ്മിൽ പരിപൂർണ്ണസഹകരണം കൈവരുത്തുന്നതിനുവേണ്ടി എന്തെങ്കിലും വ്യവസ്ഥയോ പതിവോ ഏർപ്പെടുത്തേണ്ടതാണെന്നു് ഹൈദ്രബാദ് മുഖ്യമന്ത്രി ബി. രാമകൃഷ്ണറാവു ഇന്നു പ്രസ്താവിച്ചിരിക്കുന്നു. കോൺഗ്രസ്സിൻെറമേൽ പറഞ്ഞ രണ്ടു വകുപ്പുകൾ തമ്മിൽ വേണ്ടത്ര സഹകരണമില്ലെന്നു് അഭിപ്രായമുണ്ടായിട്ടുണ്ടെന്നും, അതുനിമിത്തം ഉത്തരേന്ത്യയിലെ കോൺഗ്രസ്സിൻെറ സംഘടനാപരമായും ഒട്ടുവളരെ വൈഷമ്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുഎന്നും മുഖ്യമന്ത്രി പി. ററി. ഐ. യോടുപറഞ്ഞു. അതിനാൽ ആ രണ്ടു ഘടകങ്ങൾ തമ്മിൽ കൂടുതൽ യോജിച്ചുള്ള പ്രവർത്തനം നടക്കത്തക്കവണ്ണം എന്തെങ്കിലും വ്യവസ്ഥയുണ്ടാക്കേണ്ടതാണെങ്കിലും, ഒരു സ്റ്റേററ പാർലമെൻററി ബോർഡ് ആ ഉദ്ദേശസാദ്ധ്യത്തിനുപററിയതല്ലെന്നദ്ദേഹം അഭിപ്രായപ്പെട്ടു. ഇവരണ്ടും തമ്മിൽ പരിപൂർണ്ണസഹകരണം ഉണ്ടാക്കുന്നതിനുവേണ്ടി കോൺഗ്രസ്സ് നിയമസഭാപാർട്ടിയിൽ തന്നെ എന്തെങ്കിലും വ്യവസ്ഥ ചെയ്യണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. കോൺഗ്രസ്സ്നിയമസഭാപാർട്ടിയുടെ പ്രവർത്തനവുമായി പ്രദേശ കോൺഗ്രസ്സ് എക്സിക്യൂട്ടീവ് ഏററവുമടുത്ത സമ്പർക്കം പുലർത്തിയാൽ അതു മതിയാകുമെന്നദ്ദേഹം പറഞ്ഞു. ഹൈദ്രബാദിനെ സംബന്ധിച്ചിടത്തോളം മേൽ പറഞ്ഞ രണ്ടുഘടകങ്ങളും തമ്മിൽ പരിപൂർണ്ണസഹകരണമുണ്ടെന്നദ്ദേഹം വെളിപ്പെടുത്തി. കോൺ: നിയമസഭാപാർട്ടിയുടെ യോഗങ്ങളിലേയ്ക്കും പ്രദേശകോൺ: പ്രസിഡണ്ടിനേയും സെക്രട്ടറിമാരേയും ക്ഷണിക്കാറുണ്ടു്. മററസ്ഥലങ്ങളിലും ഈ മാതിരി ഒരു പതിവു് ഏർപ്പെടുത്തിയാൽ, കോൺഗ്രസ്സിൻെറ സംഘടനാപരവും പാർലമെൻററി (നിയമനിർമ്മാണ പരം) യും വിഭാഗങ്ങൾ തമ്മിൽ കൂടുതൽ ഏകീകൃതമായ പ്രവർത്തനം സാദ്ധ്യമാകുമെന്നാണു താൻ വിചാരിക്കുന്നതെന്നദ്ദേഹം പ്രസ്താവിച്ചു.

തീരുമാനങ്ങൾ

ന്യൂഡൽഹി, സെ: 8

കോൺഗ്രസ്സിനെ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ചു്, താൽക്കാലികവും എന്നാൽ സുപ്രധാനവുമായ തീരുമാനങ്ങൾ സ്വീകരിക്കപ്പെട്ടിരിക്കുന്നതായി അറിയുന്നു. ന്യൂഡൽഹിയിൽവച്ചു് കോൺഗ്രസ് പാർട്ടിയിലെ പ്രമുഖനേതാക്കന്മാർ ചേർന്നു നടത്തിയ കൂടിയാലോചനകളുടെ ഫലമായിട്ടാണു് പ്രസ്തുത തീരുമാനങ്ങൾ ഉണ്ടായിട്ടുള്ളതു്.

നെഹ്റു വീണ്ടുംകോൺഗ്രസ്പ്രസിഡണ്ടു്

അടുത്ത രണ്ടുവർഷക്കാലത്തേക്കുകൂടി ജവഹരിലാൽനെഹ്റു, കോൺഗ്രസ് പ്രസിഡണ്ടുസ്ഥാനം വഹിക്കുന്നതാണു്. സംഘടനാപരമായ കാര്യങ്ങൾ നോക്കുന്നതിനുവേണ്ടി ഒരു വൈസ്പ്രസിഡണ്ടിനെ നിയമിക്കണമെന്ന നിർദ്ദേശം മുമ്പു തീരസ്ക്കരിക്കപ്പെട്ടിരുന്നുവെങ്കിലും ഇപ്പോൾ അതിനു വീണ്ടും പ്രാധാന്യം നൽകപ്പെട്ടുവരുന്നു.

ജനപ്രതിനിധിസഭയിലേയും കൗൺസിൽ ഓഫ് സ്റ്റേററ്സിലേയും അംഗങ്ങളെ എക്സ് ഒഫീഷ്യോ കോൺഗ്രസ് പ്രതിനിധികളാക്കണമെന്നുള്ള കോൺഗ്രസ്കോൺസ്റ്റിററ്യൂഷൻസബ് കമ്മററിയുടെ നിർദ്ദേശം തള്ളപ്പെട്ടു, കോൺഗ്രസ് സംഘടനയെ പാർലമെൻറ് അംഗങ്ങൾ കൈയടക്കുന്നുവെന്നു വരാതിരിക്കുന്നതിനാണു് പ്രസ്തുത നിർദ്ദേശം തള്ളിക്കളഞ്ഞതു്.

സംഘടനയും മന്ത്രിസഭയും

പ്രദേശ് കോൺഗ്രസ് കമ്മററികളും കോൺഗ്രസ് നിയമസഭാകക്ഷികളും മന്ത്രിസഭകളും തമ്മിൽ ബന്ധംപുലർത്തുന്നതു സംബന്ധിച്ചു പര്യാലോചിക്കാനായി സെപ്തംബർ 11-ാംതീയതി എല്ലാ സംസ്ഥാനകോൺഗ്രസ് കമ്മററികളുടേയും പ്രസിഡണ്ടന്മാരുടെ ഒരു സമ്മേളനം ഇൻഡോറിൽവച്ചു കൂടുന്നതാണു്.

ഹൈദ്രബാദ്, സെ. 9

അടുത്തുവരുന്ന എ. ഐ. സി. സി. സമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി ഹൈദ്രബാദ് മുഖ്യമന്ത്രി രാമകൃഷ്ണറാവു സെപ്തംബർ 11-ാംതീയതി ഇവിടെനിന്നും ബോംബെവഴി ഇൻഡോറിലേക്കു പുറപ്പെടുന്നതാണു്. ഇൻഡോറിലെ അദ്ദേഹത്തിൻെറ താമസത്തിനിടയിൽ അദ്ദേഹം ഈ സ്റ്റേററിലെ ഭൂനയപരിഷ്ക്കാരണം തുടങ്ങിയ പല സ്റ്റേററ്കാര്യങ്ങളേയും സംബന്ധിച്ചു പ്രധാനമന്ത്രി നെഹ്റു, സ്റ്റേററ്കുപ്പമന്ത്രി ഡോ. കട്ജു എന്നിവരുമായി ആലോചനകൾ നടത്തുന്നതാണു്. ഇപ്പോൾ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഭൂനയപരിഷ്ക്കാരങ്ങൾ, ഒരാളുടെ കൈവശം വച്ചുകൊണ്ടിരിക്കാവുന്ന ഏററവും കൂടുതലും ഏററവും കുറവും ഭൂമിയുടെ വിസ്തീർണ്ണത്തെ സംബന്ധിച്ചും ഭൂവുടമസമ്പാദിക്കുന്നതിനു കൈവശക്കാർ ജന്മിമാർക്കു നൽകേണ്ട പ്രതിഫലത്തെ സംബന്ധിച്ചും ഉള്ളവയാണെന്നറിയുന്നു.

മൈസൂർ മുഖ്യമന്ത്രിയുടെ എതിർപ്പ്

ന്യൂഡൽഹി, സെ. 9

കോൺഗ്രസ്സിൻെറ പാർലമെൻററിയും സംഘടനാപരവുമായ വകുപ്പുകൾ യഥാക്രമം പ്രത്യേകമായി വഹിക്കേണ്ടതായ ചുമതലകളെ സംബന്ധിച്ചുള്ള ഒത്തുതീർപ്പാലോചനകളെ മൈസൂർ മുഖ്യമന്ത്രി കെ. ഹനുമന്തയ്യാ ഇന്നു് എതിർക്കുകയുണ്ടായി. അതിൻെറ ഫലം, പ്രസ്തുത വകുപ്പുകൾ, പരസ്പരബന്ധമില്ലാത്ത രണ്ടു വിഭിന്നഘടകങ്ങളാണെന്നുള്ള ധാരണയെ നിലനിറത്തുകയായിരിക്കുമെന്നദ്ദേഹം ചൂണ്ടിക്കാണിച്ചു

ഈ വാദപ്രതിവാദം കഴിയുന്നതും വേഗം അവസാനിപ്പിക്കേണ്ടതാണെന്നു് അദ്ദേഹം ഇവിടത്തെ പത്രപ്രതിനിധികളോടു പ്രസ്താവിച്ചു. സംഘടനാവകുപ്പു്, പാർലമെൻററി വകുപ്പിൻെറ ഒരു പ്രതിഛായയെന്നോണം പ്രവർത്തനം നടത്തേണ്ടതാണെന്നദ്ദേഹം നിർദ്ദേശിച്ചു. ഇവരണ്ടും അന്യോന്യംവേർപെടുത്തിനിൽക്കുവാൻ പാടുള്ളതല്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കെ. ജി. മശ്രുവാലാ നിര്യാതനായി

"ഹരിജൻ" വാരികയുടെ പത്രാധിപരും ഗാന്ധിയൻ തത്വങ്ങളുടെ സുപ്രസിദ്ധവ്യാഖ്യാതാവും-61 വയസ്സ്

വാർദ്ധാ, സെപ്തംബർ 9

"ഹരിജൻ" വാരികയുടെ പത്രാധിപരും ഗാന്ധിയൻ തത്വങ്ങളുടെ സുപ്രസിദ്ധവ്യാഖ്യാതാവുമായിരുന്ന കെ. ജി. മശ്രുവാലാ ഇന്നു വൈകുന്നേരം ഇവിടെവച്ചു് മരണമടഞ്ഞു. അദ്ദേഹത്തിനു് 61 വയസ്സുപ്രായമുണ്ടായിരുന്നു.

കഴിഞ്ഞ ശനിയാഴ്ചമുതൽ മശ്രുവാലായ്ക്കു് കാസരോഗത്തിൻെറ ഉപദ്രവമുണ്ടായി. ഞായറാഴ്ച രാത്രി അദ്ദേഹം, അസ്വസ്ഥനായിട്ടാണു് കഴിഞ്ഞുകൂടിയതു്.

സുഖമില്ലാതിരുന്നിട്ടും മശ്രുവാലാ, ഇന്നു രാവിലെ സർവ്വസേവാസംഘം പ്രവർത്തകരുമായി സംഭാഷണം നടത്തുകയും ഇന്നു് അപരാഹ്നത്തിൽ ചില കത്തുകൾ ഡിക്ടേററ് ചെയ്തു കൊടുക്കുകയും ചെയ്യുകയുണ്ടായി.

മശ്രുവാലാ ഇന്നു് അവസാനമായി ഡിക്ടേററ് ചെയ്ത എഴുത്തു്, ബോംബെയിലെ ഒരു സ്നേഹിതനു് അയയ്ക്കാനുള്ളതായിരുന്നു. ആ എഴുത്തു് ഇങ്ങനെയാണു് ആരംഭിക്കുന്നതു്:—

"കൃത്യനിർവ്വഹണമദ്ധ്യേ മരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പൊതുക്കാര്യപ്രവർത്തനങ്ങൾ നിന്നു് പിൻവാങ്ങുവാൻ ഞാൻ ആഗ്രഹിക്കുന്നു."

ശവസംസ്ക്കാരകർമ്മം നാളെ രാവിലെ നടക്കുന്നതാണു്.

(പി. ററി. ഐ.)

മൂവായിരം പേരിൽ ഏഴുപേർ മാത്രം

ഇന്ത്യയിൽ ആദായനികുതിയോ അമിതാദായനികുതിയോകൊടുക്കുന്നവർ-ഗവ:നു് 160കോടിരൂപാവരവു്

ന്യൂഡൽഹി, സെ: 9

ഇന്ത്യയിൽ മൂവായിരം പേരിൽ ഏഴുപേർവീതം മാത്രമേ ആദായനികുതിയോ, അമിതാദായനികുതിയോ കൊടുക്കുന്നുള്ളവെന്നു് ഈയിടെ പ്രസിദ്ധപ്പെടുത്തിയ ചില കണക്കുകളിൽ നിന്നും വെളിപ്പെട്ടിരിക്കുന്നു. പ്രസ്തുത ഇനത്തിൽ ഗവർമ്മെൻറിനു് 1950-51-ൽ 160.04 കോടി രൂപാ ലഭിക്കുന്നുണ്ടു്.

(കെ. പി. എസ്)

ഒരേക്കർ നിലത്തിൽ 7776 റാ. നെല്ല്

ഹൈദ്രബാദ്, സെ: 9

നെൽകൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനു് ഗവർമ്മെൻറ് ഏർപ്പെടുത്തിയിട്ടുള്ള വിളവുമത്സരപരീക്ഷകളിൽ നൈസാമാബാദിലെ ഒരു സാധാരണ കർഷകൻ ഒന്നാം സമ്മാനത്തിനു് അർഹനാണെന്നു് പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു ഒരേക്കർ നിലത്തിൽനിന്നും ഈ കർഷകൻ 7776 റാത്തൽ നെല്ല് ഉൽപ്പാദിപ്പിക്കുകയുണ്ടായി. (കെ. പി. എസ്.)

ഐ. ജി. യുടെ "പാഞ്ചാലീശപഥം"

സ്വരാജിനെ നശിപ്പിക്കാതെ അടങ്ങുകയില്ലെന്നു്

(സ്വ-ലേ) തിരു: സെ: 9

സ്വരാജ്കമ്പനിയുടെ നേരേയുള്ള പോലീസ് മേധാവിയുടെ സമരം രണ്ടാംഘട്ടത്തിലേയ്ക്കു പ്രവേശിച്ചിരിക്കുന്നതായി റിപ്പോർട്ടു ലഭിച്ചിരിക്കുന്നു. സ്വരാജിനെ നശിപ്പിക്കാതെ അടങ്ങുകയില്ലെന്നു് ഒരു "പാഞ്ചാലീശപഥ"മാണു് ഐ. ജി. കൈക്കൊണ്ടിരിക്കുന്നതെന്നു കേൾക്കുന്നു. സ്വരാജ്കമ്പനിവക എല്ലാ ബസ്സുകളും പിടിച്ചെടുക്കാനും ആ ലൈനിൽ പകരം സർവീസ് നടത്തുന്നതിനു് ടെമ്പററി പെർമിററ് നൽകുന്നതിനും അനുവാദം കൊടുക്കണമെന്നും അല്ലാത്തപക്ഷം അവിടെ ടാൻസ്പോർട്ട്ബസ്സ് ഓടിക്കാനുള്ള ഏർപ്പാടുചെയ്യണമെന്നും പോലീസ് മേധാവി ഗവർമ്മെൻറിലേക്കറിയിട്ടുണ്ടു്. അതിനുള്ള അനുവാദം അടിയന്തിരമായിനൽകണമെന്നാണാവശ്യപ്പെട്ടിരിക്കുന്നതു്.

ഒരു ടെമ്പററി പെർമിററിനു് 1000 രൂപാ മാർക്കററ് വിലയുണ്ടെന്നാണു് അറിയുന്നതു്.

ആലപ്പുഴ തുറമുഖം വഴി തന്നെ മേലാൽ ചരക്കുകൾ കയററി അയയ്ക്കും

വമ്പിച്ച "ക്രെയിനുകൾ" അവിടെ സ്ഥാപിക്കപ്പെട്ടു

ആലപ്പുഴ, സെ: 9

മേലാൽ ആലപ്പുഴയിൽ നിന്നും കപ്പൽകയററി അയയ്ക്കാനുള്ള ചരക്കുകൾ മുഴുവനും ആലപ്പുഴ തുറമുഖംവഴി തന്നെ-ഇപ്പോൾ ചെയ്തുവരുന്നതുപോലെ കൊച്ചി തുറമുഖംവഴി അയയ്ക്കാതെതന്നെ-അയയ്ക്കാൻ സാധിക്കുന്നതാണു്. കൂടുതൽ ഭാരം വഹിക്കുന്നതിനും പൊക്കുന്നതിനും കഴിവുള്ള വമ്പിച്ച 'ക്രെയിനുകൾ' സ്ഥാപിക്കപ്പെട്ടതോടുകൂടി ആലപ്പുഴ തുറമുഖം കൂടുതൽ ഊർജ്ജസ്വലവും സജീവവുമായിത്തീരുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

ഇതു സംബന്ധിച്ചുള്ള പണികൾ ഉടനടി പൂർത്തിയാക്കുന്നതിനു് ഈയിടെ ആലപ്പുഴ തുറമുഖം സന്ദർശിച്ച മുഖ്യമന്ത്രി ഏ. ജെ. ജോൺ അധികൃതർക്കു നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായി അറിയുന്നു. പക്ഷെ കടൽ ക്ഷോഭം നിമിത്തം അടുത്തകാലത്തു കടൽപ്പാലത്തിനു സംഭവിച്ച ചില ചില്ലറ കേടുപാടുകൾ പോക്കേണ്ടിയിരുന്നതിനാൽ 'ക്രെയിനുകൾ' സ്ഥാപിക്കുവാൻ കുറെ താമസം നേരിട്ടിട്ടുണ്ടു്. ഒരു കാലത്തു് പ്രതിവർഷം ഒരുലക്ഷത്തിൽപ്പരം ടൺ ചരക്കുകൾ കൈകാര്യം ചെയ്തുകൊണ്ടിരുന്ന ആലപ്പുഴ തുറമുഖത്തിൻെറ പ്രാധാന്യം കുറഞ്ഞതോരുകാലമായി ക്രമേണ ക്ഷയിച്ചുവരികയായിരുന്നു. 1951-52-ൽ ഈ തുറമുഖത്തുകൂടി കടന്നുപോയ ചരക്കുകൾ കേവലം 18,000 ടൺ മാത്രമായിരുന്നു എന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നതു്.

തുറമുഖത്തിൻെറ ഈ വികസനപദ്ധതി, അവിടുത്തെ തുറമുഖത്തൊഴിലാളികളുടെ സ്ഥിതി അറിയുന്നു. പക്ഷെ കടൽ ക്ഷോഭം നിമിത്തം അടുത്തകാലത്തു കടൽപ്പാലത്തിനു സംഭവിച്ച ചില ചില്ലറ കേടുപാടുകൾ പോക്കേണ്ടിയിരുന്നതിനാൽ 'ക്രെയിനുകൾ' സ്ഥാപിക്കുവാൻ കുറെ താമസം നേരിട്ടിട്ടുണ്ടു്. ഒരു കാലത്തു് പ്രതിവർഷം ഒരുലക്ഷത്തിൽപ്പരം ടൺ ചരക്കുകൾ കൈകാര്യം ചെയ്തുകൊണ്ടിരുന്ന ആലപ്പുഴ തുറമുഖത്തിൻെറ പ്രാധാന്യം കുറഞ്ഞതോരുകാലമായി ക്രമേണ ക്ഷയിച്ചുവരികയായിരുന്നു. 1951-52-ൽ ഈ തുറമുഖത്തുകൂടി കടന്നുപോയ ചരക്കുകൾ കേവലം 18,000 ടൺ മാത്രമായിരുന്നു എന്നാണു കണക്കാക്കപ്പെട്ടിരിക്കുന്നതു്.

തുറമുഖത്തിൻെറ ഈ വികസനപദ്ധതി, അവിടുത്തെ തുറമുഖത്തൊഴിലാളികളുടെ സ്ഥിതി

വില്പനനികുതി

മദ്രാസ് ഹൈക്കോടതിയുടെ പ്രഖ്യാപനം

മദ്രാസ്, സെ: 9

ഇൻറർസ്റ്റേററ് സെയിൽസിൽ നികുതി ചുമത്താൻ സംസ്ഥാനത്തിനു പൂർണ്ണഅധികാരമുണ്ടെന്നും എന്നാൽ എക്സ്സൈസ് സ്റ്റേററ് സെയിൽസിൽ നികുതി ചുമത്താൻ അധികാരമില്ലെന്നും മദ്രാസ് ഹൈക്കോടതി ഇന്നു പ്രഖ്യാപിച്ചു.

ചില പ്രത്യേകതരം വില്പനകളുടെ മേൽ വില്പനനികുതി ചുമത്തുന്നതിനെപ്പററിയുള്ള ഭരണഘടനയിലെ 286-ാം ഖണ്ഡികയുടെ വ്യാഖ്യാനം സംബന്ധിച്ചു സമർപ്പിക്കപ്പെട്ട ഒരു റിട്ട് പെററിഷൻെറമേൽ ചീഫ് ജസ്റ്റിസ് പി. വി. രാജമന്നാറും ജസ്റ്റിസ് വെങ്കിടേശ്വരയ്യരും ചേർന്നു് ഇന്നു പുറപ്പെടുവിച്ച വിധിയാണു് അപ്രകാരം പ്രസ്താവിച്ചതു്. (പി-ററി-ഐ)

വലിയ നടുക്കമുണ്ടാക്കിയെന്നു് നെഹ്റു

മശ്രുവാലായുടെ ചരമത്തിൽ അനുശോചനം

നാഗപ്പൂർ, സെ: 9

ശ്രീകിഷോറിലാൽ മശ്രുവാലായുടെ പെട്ടെന്നുള്ള മരണം രാജ്യത്തിനു നടുങ്ങലുണ്ടാക്കിയിരിക്കുന്നുവെന്നു് മദ്ധ്യപ്രദേശ് ഗവർണ്ണറായ ഡോ. പട്ടാഭി സീതാരാമയ്യാ, മിസ്സസ് ഗോമതി ബഹിൻ മശ്രുവാലായ്ക്കു് അയച്ച ഒരു അനുശോചനസന്ദേശത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

ന്യൂഡൽഹി, സെ: 9

"ഹരിജൻ" പത്രത്തിൻെറ എഡിററായിരുന്ന കെ. ജി. മശ്രുവാലായുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടു് പ്രധാനമന്ത്രി ജവഹർ ഹിന്ദുസ്ഥാനി തലീനിസംഘത്തിൻെറ സെക്രട്ടറിയ്ക്കയച്ച ഒരു സന്ദേശത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:....

"ഇന്നുവൈകുന്നേരം കിട്ടോരിലാൽ മശ്രുവാലാ ചരമഗതി യടഞ്ഞതായുള്ള വാർത്ത, ഒരു വലിയ ഞെട്ടലാണു് ഉളവാക്കിയിരിക്കുന്നതു്. ക്ലേശഭൂയിഷ്ഠമായ ഈ കാലങ്ങളിൽ, താൽക്കാലികസംഭവങ്ങൾമൂലം നേർവഴിയിൽനിന്നും വ്യതിചലിക്കാതിരുന്ന ഉത്തമപുരുഷന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ഗാന്ധിജിയുടെ സന്ദേശത്തിൽ അദ്ദേഹം ഉറച്ചുനിന്നിരുന്നു. അദ്ദേഹത്തിൻെറ വേർപാടുമൂലം രാജ്യവും നാമെല്ലാവരും നഷ്ടം അനുഭവിക്കുന്നു. നിങ്ങൾക്കും സേവാഗ്രാമത്തിലുള്ള നമ്മുടെ എല്ലാ സുഹൃത്തുക്കൾക്കും കൂട്ടുകാർക്കും ഞാൻ എൻെറ ഏററവും ഹൃദയപൂർവമായ സഹതാപവും അനുശോചനവും അയയ്ക്കുന്നു."

(പി-ററി-ഐ)

നെഹ്റുവിൻെറ സഹോദരി കൃഷ്ണാഹഠീസിംഗ് അപകീർത്തിക്കേസ് കൊടുത്തു

കറൻറ് പത്രാധിപരായകരകായ്ക്കു് സമൻസ് അയച്ചു

ബോംബെ, സെപ്തമ്പർ 9

ശ്രീമതി കൃഷ്ണാഹഠീസിംഗിനു് അപകീർത്തികരമെന്നു പറയപ്പെടുന്ന ഒരു ലേഖനം, ആഗസ്റ്റ് 16-ാംതീയതിയിലെ "കറൻറ്" എന്ന ബോംബെ വാരികയിൽ പ്രസിദ്ധപ്പെടുത്തിയതിനു് അതിൻെറ എഡിററർ പ്രിൻററർ പബ്ളിഷറുമായ ഡി. എഫ്. കരകായ്ക്കു് ബോംബെ പ്രസിഡൻസി മജിസ്ട്രേട്ടു് ജെ. എം. ഭാരോട്ടു് സമൻസയച്ചിരിക്കുന്നു.

ശ്രീമതി ഹഠീസിംഗ്, പ്രസിഡൻസി മജിസ്ട്രേട്ടിനു സമർപ്പിച്ച ഹർജിയിൽ, "നെഹ്റുവിൻെറ സഹോദരിയും തിരുവിതാംകൂർ സ്റ്റേററിൻെറ പൊതുമുതലും—സ്റ്റേററ് ട്രഷറിബുക്കുകളിലെ അത്ഭുതകരമായകണക്കുകൾ" എന്ന വലിയ തലക്കെട്ടിനടിയിൽ ഡി. എഫ്. കരകാ തന്നെയാണു് ഈ ലേഖനമെഴുതിയിരിക്കുന്നതെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. തലക്കെട്ടിലും അതിനുകീഴിലുള്ള ലേഖനത്തിലും അവാസ്തവവും തനിക്കേററവും അപകീർത്തികരവുമായ പ്രസ്താവനകളും, ആരോപണങ്ങളും സൂചനകളും അടങ്ങിയിട്ടുണ്ടെന്നു് അവർ വാദിക്കുന്നു.

തിരുവിതാംകൂർ സ്റ്റേററിൽനിന്നും തനിക്കേതെങ്കിലും ഇനത്തിൽ പണം നൽകുകയോ താൻ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും, വാസ്തവത്തിൽ ആ സ്റ്റേററും താനുംതമ്മിൽ യാതൊരിടപാടും നടന്നിട്ടില്ലെന്നും ശ്രീമതി ഹഠീസിംഗ് പ്രസ്താവിച്ചിട്ടുണ്ടു്.

ഒക്ടോബർ 9-ാംനു- കോടതിയിൽ ഹാജരാകുവാനാണു പ്രസിഡൻസി മജിസ്ട്രേട്ടു് കരകായ്ക്കു സമൻസയച്ചിരിക്കുന്നതു്.

യാചകരെ സിനിമാ കാണിക്കണമെന്നു

മദ്രാസ് ഗവർണ്ണർ ശ്രീപ്രകാശായുടെ അഭിപ്രായ

മധുര, സെപ്തംബർ 9

മദ്രാസ് ഗവർണ്ണർ ശ്രീപ്രകാശം, മുനിസിപ്പൽഅനാഥമന്ദിരം ഉൽഘാടനംചെയ്തുകൊണ്ടു ചെയ്ത പ്രസംഗത്തിനിടയിൽ യാചകരായി ചുററിത്തിരിയുന്ന ജനതയെ സംസ്ക്കാരസമ്പന്നരാക്കുന്നതിലേക്കു് അനാഥമന്ദിരങ്ങളോടനുബന്ധിച്ചു് ഓരോ പദ്ധതിയോജനപാഠശാലകൾകൂടി ഏർപ്പെടുത്തേണ്ടതാണെന്നു് ഉൽബോധിപ്പിക്കയുണ്ടായി. യാചിക്കുന്നതുകൊണ്ടു മനുഷ്യനുണ്ടാകാവുന്ന മാനസികാധഃപതനം മനസ്സിലാക്കുവാൻ പര്യാപ്തമായ ഫിലിമുകൾ നിർമ്മിച്ചു പ്രദർശിപ്പിച്ചാൽ യാചകർക്കു് ഒരു മാനസികപരിവർത്തനം ഉണ്ടാകുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തല്ലാകുളത്തിൽ ഒരുലക്ഷം രൂപാ ചെലവുചെയ്തു നിർമ്മിച്ചിട്ടുള്ള അനാഥമന്ദിരത്തിൻെറ നടത്തിപ്പിൽ ഭാരവാഹികൾ പ്രകടിപ്പിച്ച സേവനസന്നദ്ധതയെ ഗവർണ്ണർ പ്രത്യേകം പ്രശംസിച്ചു.

യുവാവിൻെറ ശരീരം കഷണങ്ങളാക്കി

പെട്ടിക്കുള്ളിൽ നിക്ഷേപിച്ചു—കൽക്കത്താ സംഭവം

കൽക്കത്താ, സെപ്തമ്പർ 9

ഇന്നലെ വൈകിട്ടു് സ്ഥലത്തെ ഒരു ഹോട്ടലിൻെറ പോർട്ടിക്കോവിൽ ക

ദേശബന്ധു

1128 ചിങ്ങം 25 ബുധൻ

ഇംഗ്ലീഷിന്റെ സ്റ്റാൻഡാർഡ്

ഡാ. സി. വി. രാമൻ, ഡാ. എച്ച്. ജെ. ബാബ (ടാററാജൻ സ്റ്റിട്യൂട്ട് ഡയറക്ടർ) എൻ. ജെ. വാഡിയാ (ബോംബെ സർവകലാശാലാ വൈസ്ചാൻസലർ) ജസ്റ്റിസ് ഭഗവതി (ബോംബെ ഹൈക്കോടതി) തുടങ്ങി ഇന്ത്യയിലെ പ്രമുഖവിദ്യാഭ്യാസവിചക്ഷണന്മാരും ശാസ്ത്രജ്ഞന്മാരും ഉൾപ്പെടെ ഇരുപത്താറുപേർ ചേർന്ന്, ഇന്ത്യയിൽ ഇംഗ്ലീഷ്ഭാഷാപഠനത്തിന്റെ നിലവാരം താഴ്ന്നുവരുന്നെന്നും, ഇംഗ്ലീഷിന്റെ നിലവാരം ഇങ്ങനെ താഴ്ത്തപ്പെട്ടാൽ ഉപരിവിദ്യാഭ്യാസത്തിന്റെ തരവും ഗുണവും അധഃപതിക്കുമെന്നും, ഇങ്ങനെ ദേശീയമായ ഒരു മഹാനിർഭാഗ്യവും നഷ്ടവും സംഭവിക്കാതിരിക്കത്തക്കവണ്ണം ഗവർമ്മെന്റ് യുക്തമായ നയപരിപാടികൾ കൈക്കൊള്ളണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് പ്രധാനമന്ത്രി നെഹ്റുവിനും കേന്ദ്രവിദ്യാഭ്യാസമന്ത്രി അബുൾകലാം ആസാദിനും ഒരു കത്തയച്ചിരിക്കുന്നു. വിദ്യാലയങ്ങളിൽ ഇംഗ്ലീഷുക്ലാസ്സുകളുടെ എണ്ണവും തരവും കുറയ്ക്കാൻ ചില സ്റ്റേററുഗവർമ്മെന്റുകൾ എടുത്തുവരുന്ന "ബലപ്പെട്ട" നടപടികളിൽ നിവേദകർ "ഖേദം" പ്രകടിപ്പിക്കയും, ഈ നാട്ടിൽനിന്ന് ഇംഗ്ലീഷ് തിരോധാനം ചെയ്യുന്നതായാൽ "ഒരു ശതാബ്ദക്കാലമായി വിദ്യാഭ്യാസരംഗത്ത് നാം ആർജ്ജിച്ച നേട്ടങ്ങൾ ക്ഷണംകൊണ്ട് നഷ്ടപ്പെടുന്നതാണെ"ന്നു ചൂണ്ടിക്കാണിക്കയും ചെയ്തിട്ടുണ്ട്. 15 കൊല്ലങ്ങൾക്കുശേഷം ഹിന്ദിയെ രാഷ്ട്രഭാഷയായി അംഗീകരിക്കണമെന്നുള്ള ഭരണഘടനയിലെ നിർദ്ദേശം സ്വദേശാഭിമാനികളായ എല്ലാ ഇന്ത്യാക്കാരും സ്വീകരിക്കേണ്ടതാണെന്നു കത്തിൽ സമ്മതിക്കുന്നു. എന്നാൽ ഇംഗ്ലീഷിന്റെ സ്ഥാനത്ത് ഹിന്ദിയെ പ്രതിഷ്ഠിക്കാനുള്ള കൃത്യം ക്രമത്തിലും സാവധാനത്തിലും വേണ്ടതാണ്. അവിവേകമോ ബലപ്രയോഗമോ ഈ കാര്യത്തിൽ ഒട്ടും ഉചിതമല്ല. ഒരു ലോകഭാഷയായ ഇംഗ്ലീഷിന്റെ സ്ഥാനം പിടിക്കാൻ ഹിന്ദിക്ക് ഇനിയും കഴിഞ്ഞിട്ടില്ല. നല്ല പുസ്തകങ്ങൾ പുറത്തിറക്കിയും മററും അതിനെ അതിനു പ്രാപ്തമാക്കിത്തീർക്കാൻ എല്ലാവരും ശ്രമിക്കേണ്ടതാണ്. അതുവരെ ഇംഗ്ലീഷിനെ അതിന്റെ ഔന്നത്യത്തിൽനിന്നു തരംതാഴ്ത്താൻ പാടില്ല.

ദേശാഭിമാനത്തിന്റേയും രാഷ്ട്രഭാഷാ പ്രണയത്തിന്റേയും വിഷയത്തിൽ, കേന്ദ്രഗവർമ്മെന്റിലേയും സ്റ്റേററുഗവർമ്മെന്റുകളിലേയും പ്രമുഖന്മാരിൽ ആരെ അപേക്ഷിച്ചും ഒട്ടും പിന്നോക്കമല്ലാത്ത ഈ വിദ്യാഭ്യാസവിചക്ഷണന്മാരും പണ്ഡിതന്മാരും ചേർന്നു പുറപ്പെടുവിച്ചിരിക്കുന്ന സന്ദർഭോചിതമായ ഈ ആഹ്വാനവുൾക്കൊള്ളലും, ഗവർമ്മെന്റിന്റെയും ജനങ്ങളുടെയും ക്രിയാത്മകമായ ശ്രദ്ധയ്ക്ക് വിഷയീഭവിക്കേണ്ടതാണ്. അന്ധവും ഭ്രാന്തവുമായ ദേശാഭിമാനബോധം കൊണ്ടോ, രാഷ്ട്രഭാഷ നടപ്പാക്കാനുള്ള ബദ്ധപ്പാട് ഹേതുവായിട്ടോ, അഥവാ ഇംഗ്ലീഷുകാരുമായി ബന്ധമുള്ള സകലതിനോടും ഉപബോധമനസ്സിൽ ഇനിയും കുടികൊള്ളുന്ന പൂർവ്വവിദ്വേഷം ഹേതുവായിട്ടോ, എന്തോ, ചില സംസ്ഥാനഗവർമ്മെന്റുകൾ വിദ്യാലയങ്ങളിൽ ഇംഗ്ലീഷിന്റെ സ്റ്റാൻഡാർഡ് കുറച്ചുകൊണ്ടുവരുന്നുണ്ട്. ഇതിന്റെ ഫലമായി, വിദ്യാർത്ഥികൾ കാളേജ് ക്ലാസ്സുകളിലെത്തുമ്പോൾ, ഇംഗ്ലീഷിൽത്തന്നെ പഠിക്കുകയെന്നിവൃത്തിയുള്ളഎന്നുള്ളനിലയിൽ സാങ്കേതികവും ശാസ്ത്രീയവുമായ വിഷയങ്ങൾ അഭ്യസിക്കയും അവയിൽ ഉപരിവിജ്ഞാനം നേടുകയും ചെയ്യുന്ന വിഷയത്തിൽ വളരെ കഷ്ടപ്പെടുകയും നഷ്ടങ്ങൾ സഹിക്കയും ചെയ്യേണ്ടിവരുന്നു. അനുദിനം വളർന്നുവരുന്ന ശാസ്ത്രവിജ്ഞാനത്തിന്റെ അന്തരീക്ഷത്തിൽ സാങ്കേതികസംജ്ഞകൾ കണ്ടുപിടിച്ച് ആവശ്യമായ ഗ്രന്ഥങ്ങൾ രചിക്കുവാൻ വലിയ പ്രയാസങ്ങളും കാലതാമസവുമുണ്ട്. സാങ്കേതികഗ്രന്ഥങ്ങൾ ക്ലേശിച്ച് ഭാഷാന്തരംചെയ്ത് പാഠപുസ്തകങ്ങളാക്കിയാലും, ആ വിഷയങ്ങളെക്കുറിച്ച് പാഠപുസ്തകങ്ങൾക്കു പുറമെയുള്ള വിശാലമായ ഗ്രന്ഥശാലാകൃത്യത്തിനു വിജ്ഞാനം സമ്പാദിക്കുവാൻ വിദ്യാർത്ഥികൾ ഏററവും ബുദ്ധിമുട്ടേണ്ടിവരും. ഈ വിഷമങ്ങൾ അദ്ധ്യാപകന്മാരെയും ബാധിക്കുന്നതാണ്. തൽഫലമായി, പൊതുവെ വിദ്യാഭ്യാസത്തിന്റെ മാനദണ്ഡം അധഃപതിക്കുന്നതാണ്. ഇന്ത്യയുടെ വ്യാവസായികവും സാമ്പത്തികവുമായ പുരോഗതിക്ക് എത്രയും ഇടാനിന്നു നമായ ശാസ്ത്രീയവിജ്ഞാനവും സാങ്കേതികപരിശീലനവും അടിയന്തിരാവശ്യമായിരിക്കുന്ന ഈ ഘട്ടത്തിൽ ഇങ്ങനെ വിദ്യാഭ്യാസമാനദണ്ഡം അധഃപതിക്കുവാൻ അനുവദിക്കുന്നതു് അപകടസമൃദ്ധമായ ഒരു ദേശീയനഷ്ടവുമാണ്. അന്തർദ്ദേശീയ വ്യവഹാരങ്ങളിലും വ്യാപാരങ്ങളിലും വർദ്ധിച്ചതോതിൽ കാര്യക്ഷമമായി പങ്കെടുക്കുന്നതിനും, വിപുലമായ ഒരു സാഹിത്യസമ്പത്തിലും സംസ്കാരശേഖരവുമായി പരിചയപ്പെടുന്നതിനും ഇംഗ്ലീഷ്ഭാഷാപരിചയവും പാണ്ഡിത്യവും എത്രമാത്രം ആവശ്യമാണെന്നുള്ള കാര്യവും ഈഅവസരത്തിൽ സ്മരണീയമാണ്.

ഇന്ന്, ഹൈസ്കൂൾ വിദ്യാർത്ഥികളുടെ കഥയോ പോകട്ടെ, പൊതുവെ സർവകലാശാലാ ബിരുദധാരികളുടെ കാര്യമാലോചിച്ചാൽ രാജ്യത്തു വളർന്നുവരുന്ന വിജ്ഞാനദാരിദ്ര്യത്തിന്റെയും ഇംഗ്ലീഷ്ഭാഷയിലും സാഹിത്യത്തിലുമുള്ള ഹിമാലയൻ അപാടവത്തിന്റെയും ഭയങ്കരത വിശദമാകുന്നതാണ്. വിദ്യാർത്ഥികളുടെ ഇടയിൽ ഇംഗ്ലീഷിനു സംഭവിക്കുന്ന ഈ അധഃപതനത്തിന്റെ മുറയ്ക്ക് പ്രാദേശികഭാഷകൾക്കും ദേശീയഭാഷയ്ക്കും ഉൽക്കർഷവും പ്രേരണാബലവും വർദ്ധിക്കുന്നില്ലെന്നുള്ളതു് വിഷാദത്തിനു വേറൊരു ഹേതുവാണ്.

ഭരണഘടനനടപ്പിൽവന്നു 15 കൊല്ലംകൊണ്ട് ഹിന്ദി ദേശീയഭാഷയായി നടപ്പാക്കണമെന്നും, പുതിയ പരിതഃസ്ഥിതികളുമായി അനുരഞ്ജിക്കുവാൻ സർവകലാശാലകൾക്ക് സമയവും സാവകാശവുമനുവദിക്കണമെന്നും ഭരണഘടന നിർദ്ദേശിക്കുന്നുണ്ട്. പക്ഷെ, ഇതിനിടയിൽ ഇംഗ്ലീഷിന്റെ സ്റ്റാൻഡാർഡ് നശിപ്പിച്ച് സർവകലാശാലാവിദ്യാഭ്യാസത്തെ ആകമാനം തകരാറിലാക്കണമെന്ന് ഭരണഘടന ഉദ്ദേശിക്കുന്നില്ലതന്നെ. മാത്രമല്ല, ഇന്ത്യയിലെ തൽക്കാലസാഹചര്യങ്ങളിലും അന്തരീക്ഷത്തിലും ഹിന്ദി ദേശീയഭാഷയാക്കാനുള്ള ഈ പതിനഞ്ചു സംവത്സര കാലാവധി ദീർഘിപ്പിക്കേണ്ടതായിത്തന്നെ വന്നേക്കാം. അതിനാൽ, നമ്മുടെ സർവകലാശാലാവിദ്യാഭ്യാസത്തെ അവതാളത്തിലാക്കാതിരിക്കാനും, ശാസ്ത്രീയവും സാങ്കേതികവുമായ രംഗത്ത് ഇന്ത്യ പുറന്തള്ളപ്പെടാതിരിക്കാനും വേണ്ടി ഇംഗ്ളീഷിന്റെ സ്റ്റാൻഡാർഡ് പരിരക്ഷിക്കാൻ എല്ലാ പ്രകാരത്തിലും ശ്രമിക്കേണ്ടതാണ്. ഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലാക്കാനുള്ള ഇംഗ്ളീഷ് സ്റ്റാൻഡാർഡ് ഹൈസ്കൂൾവിദ്യാർത്ഥികൾക്കുണ്ടായിരിക്കാത്ത പക്ഷം സർവകലാശാലാ വിദ്യാഭ്യാസം പരിക്ഷീണവും പ്രയോജനശൂന്യവുമായിത്തീരും. പെട്ടെന്ന് അദ്ധ്യയനഭാഷ മാററുന്നതു് അദ്ധ്യാപകന്മാർക്കും അദ്ധ്യേതാക്കൾക്കും ഒരുപോലെ ക്ലേശകരവുമാണ്. സെക്കൻഡറിയും ഹൈസ്കൂളും വിദ്യാഭ്യാസസംബന്ധിച്ച് ദേശീയഭാഷയുടെ അടിസ്ഥാനത്തിൽ 'വിപ്ളവകരമായ പരിവർത്തനങ്ങൾ'ക്ക് സാഹസപ്പെടുന്നവർ രാജ്യസ്നേഹത്തിന്റെപേരിൽ വിസ്മരിച്ചുകൂടാത്ത കേവലയാഥാർത്ഥ്യങ്ങളും വസ്തുതകളുമാണ് ഇവയെല്ലാം. ഈദൃശപരിഗണനകൾ നിറത്തി ഡാ: സി. വി. രാമൻപ്രഭൃതികൾ നമ്മുടെ വിദ്യാഭ്യാസപദ്ധതിയിൽ ഇംഗ്ലീഷിന്റെ സ്റ്റാൻഡാർഡിനുവേണ്ടി ചെയ്തിരിക്കുന്ന ഈ അഭ്യർത്ഥനയുമാഹ്വാനവും ഗവർമ്മെന്റും ജനങ്ങളും യഥോചിതമാദരിക്കുമെന്നു പ്രതീക്ഷിക്കാം.

....

അരക്ഷിതാവസ്ഥ

എല്ലായിടത്തുനിന്നും പോലീസ് മർദ്ദനങ്ങളുടെ റിപ്പോർട്ടുകൾ—കേ. കൌമുദിയുടെ (സെ. 9) മുഖപ്രസംഗം

ഒരുവശത്തു് സംസ്ഥാനത്തിന്റെ എല്ലാഭാഗങ്ങളിലും ആതുരന്മാർക്ക് ആശ്വാസം നൽകുന്ന പ്രവർത്തനങ്ങൾ നടക്കുമ്പോൾ, മറവശത്തു് അക്രമങ്ങളുടെയും അനീതികളുടേയും കറുത്ത കഥകൾ ധാരാളമായി കേൾക്കുന്ന അത്യന്തം സങ്കീർണ്ണമായ ഒരു അവസ്ഥയുടെ പ്രതീതി ജനിപ്പിച്ചുകൊണ്ട് രാജ്യം മുൻപോട്ടു നീങ്ങുകയാണ്.

ഇപ്പോൾ നാട്ടിൽ നടക്കുന്നതായി പറയപ്പെടുന്ന അക്രമങ്ങളും മർദ്ദനങ്ങളും എല്ലാം ഇവിടെ ഒരു ഭരണം നിലവിലുണ്ടോ എന്നു സംശയിക്കത്തക്ക നിലയ്ക്കുള്ളതായ മുണ്ടക്കയം തുടങ്ങിയ സ്ഥലങ്ങളിൽ ജീവനു രക്ഷയില്ലാതായിരിക്കുന്നുവെന്നാണു ഞങ്ങളുടെ ചില മാന്യ കോട്ടയം സഹജീവികൾ പറയുന്നതു്. അതു കമ്മ്യൂണിസ്റ്റുകാരെന്നും അവർ പറയുന്നു. അതെന്തായാലും സർ സി പി. യുടെ സ്വതന്ത്രതിരുവിതാംകൂർ കാലത്തു് രാജ്യത്തെങ്ങും നടമാടിയ സിംസൻഗുണ്ടായിസത്തിന്റെ ഓർമ്മയാണു മുണ്ടക്കയത്തു ദിനമെന്നോണം നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ ഉളവാക്കുന്നതു്. ആർ എസ്. പി. ക്കാരുടേയും കമ്മ്യൂണിസ്റ്റുകാരുടേയും ആഭിമുഖ്യത്തിൽ നടത്തപ്പെട്ട പല തൊഴിലാളിയോഗങ്ങളും ആക്രമിക്കപ്പെട്ടുവെന്നും അവയിൽ പങ്കെടുത്തവർ മൃഗീയമായി മർദ്ദിക്കപ്പെട്ടുവെന്നും റിപ്പോർട്ടുകളുണ്ട്. മറിച്ചുള്ള ചില റിപ്പോർട്ടുകളും ഇല്ലാതില്ല. നിയമസമാധാനസംരക്ഷണത്തിനു നിയുക്തരായിരിക്കുന്നവർ അവിടെ എന്തുനടപടികൾ സ്വീകരിച്ചുവെന്നു ഞങ്ങൾ അറിയുന്നില്ല. ചവറയിൽനിന്നും കൊല്ലത്തുനിന്നും പോലീസ്മർദ്ദനങ്ങളുടെപലറിപ്പോർട്ടുകൾ ഇവിടെ ലഭിച്ചിട്ടുണ്ട്. നാഗരുകോവിലിൽ പട്ടാപ്പകൽ റോഡിലിട്ട് രണ്ടു കുട്ടികളെ എം. പി. മാരും എം. എം. എൽ. എ. മാരും മററു പൗരജനങ്ങളും നോക്കിനിൽക്കേ ഒരു പോലീസു ദ്യോഗസ്ഥൻ മൃഗീയമായി മർദ്ദിച്ച ചരിത്രമടങ്ങിയ ഒരു സോഷ്യലിസ്റ്റ് എം. എൽ. എ. യുടെ പ്രസ്താവന രണ്ടു ദിവസങ്ങൾക്കു മുമ്പാണ് പത്രങ്ങളിൽ കണ്ടതു്. നീതിന്യായകോടതിയുടെ മുമ്പിൽവച്ച് ആക്രമിക്കപ്പെട്ട ഒരുവൻ പ്രാണരക്ഷാർത്ഥം പോലീസ് സ്റ്റേഷനിൽ ഓടിക്കയറിയതിന്, അയാളെ പോലീസ് മൃഗീയമായി മർദ്ദിച്ചതായും, മർദ്ദനമേററ ആളിന്റെ ദീനരോദനം സ്ഥലത്തെ മുൻസിഫ്-മജിസ്ട്രേട്ടന്മാരുടെ കർണ്ണങ്ങളിൽ പതിച്ചിട്ടും അവർ കല്ലുപോലെ ഇരുന്നുകളഞ്ഞതായും മറെറാരു റിപ്പോർട്ടുണ്ട്. ഇവയൊന്നും വിശ്വസിക്കാൻ നിർവാഹമില്ലത്തത്രത്തിലുള്ളതാണ്. ഈ സംസ്ഥാനത്തു് കാൺഗ്രസ് ഭരണകാലത്തു നടന്നിട്ടുള്ള അക്രമങ്ങൾ അറിയുന്നവർക്ക് ഇവയൊന്നും വിശ്വസിക്കാതിരിക്കാനും മാർഗ്ഗമില്ല. പോലീസിൽനിന്നായാലും ഗുണ്ടാകളിൽനിന്നായാലും എവിടെനിന്നായാലും ഒരു അരക്ഷിതാവസ്ഥ ഈ സംസ്ഥാനത്തു് സംജാതമായിട്ടുണ്ട്. ഇതിന്റെ പ്രത്യാഘാതം എന്തായിരിക്കുമെന്നു ഭരിക്കുന്നവർ ആലോചിക്കുന്നുണ്ടോ, അറിയുന്നുണ്ടോ എന്ന് ഞങ്ങൾക്കു നിശ്ചയമില്ല. എന്തായാലും ഈ സ്ഥിതി അനസ്യൂതം തുടർന്നുകൊണ്ടുപോകുവാൻ അനുവദിക്കുക സാദ്ധ്യമല്ല. 'ഒരു കുക്കഴിഞ്ഞിട്ട് വെള്ളിയാലിങ്ങുക സാദ്ധ്യമല്ല' എന്ന് പണ്ടാരോ പറഞ്ഞതുപോലെ അവരുടെ കാര്യങ്ങൾ നോക്കിക്കഴിഞ്ഞിട്ട് മന്ത്രിമാർക്ക് രാജ്യകാര്യം നോക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. ദുരിതാശ്വാസത്തിന് മനുഷ്യസ്നേഹികൾ ഒത്തൊരുമിച്ചു മുന്നോട്ടു വന്നതുപോലെ അതിക്രമങ്ങളെ—അതെവിടെ നിന്നായാലും—നേരിടുന്നതിനും രാജ്യത്ത് ശാന്തവും സമാധാനപൂർണ്ണവും ആയ ജീവിതം നയിക്കുന്നതിനു യാതൊന്നും ബാധകമല്ലെന്ന സ്ഥിതി കൈവരുത്താനും രാജ്യസ്നേഹികളായ പൗരന്മാർ ഒത്തൊരുമിച്ച് എല്ലായിടത്തും മുന്നോട്ടു വരേണ്ടകാലഘട്ടം സമാഗതമായിരിക്കുന്നുവെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്.

പോലീസ്മുന്നേററം

വന്നു വന്ന് നേരിട്ടു ക്ഷേത്രങ്ങളിൽ കയറി മർദ്ദനവുമാരംഭിച്ചിരിക്കുന്നു

(സ്വ-ലേ) ഇരണിയൽ, സെ 4

ഗവർമ്മെന്റുവക പുരാതന ക്ഷേത്രമായ സ്ഥലത്തെ "മാർത്താണ്ഡേശ്വരം" ശിവക്ഷേത്രത്തിൽവച്ച് ഏററവും പൈശാചികവും ഭയങ്കരവും നിന്ദ്യവുമായ ഒരു പോലീസ്മർദ്ദനം നടന്നിരിക്കുന്നു ക്ഷേത്രത്തിലെ നാദസ്വരക്കാരനും ശുദ്ധസാധുവുമായ പരമേശ്വരൻപിള്ളയെ ഇന്നുവെളുപ്പിനു നിർമ്മാല്യദീപാരാധനാസമയത്തു സ്ഥലവാസിയായ ഒരു ഹെഡ്കാൺസ്റ്റബിളും കൂട്ടുകാരും ചേർന്ന് അക്രമമായിക്ഷേത്രത്തിന്റെ ഉള്ളിൽപ്രവേശിച്ചു അവിനിഷ്ഠൂരമായി ദേഹോപദ്രവം ഏല്പിക്കുകയും രക്തം ക്ഷേത്രത്തിൽ വീഴ്ത്തുകയുംചെയ്തു. രക്തംവീണും മററും ക്ഷേത്രം അശുദ്ധമായതിനെത്തുടർന്നു ദീപാരാധന നടത്തുവാൻ നിവർത്തിയില്ലാതെ വിവരം ക്ഷേത്രസിൽബന്ധികൾ ദേവസ്വംസൂപ്രണ്ടിനെ അറിയിക്കുകയും സൂപ്രണ്ടും മററുള്ളവരും ക്ഷേത്രത്തിലെത്തി രക്തം കഴുകി മാററി നടയടയ്ക്കുകയുംചെയ്തു

നാദസ്വരക്കാരനെപ്പററി ഇതേവരെ യാതൊരറിവുമില്ല. അക്രമികൾ അയാളെ കൊലപ്പെടുത്തിമറവുചെയ്തുഎന്നും അതല്ലാ അയാൾ മർദ്ദനമേററ് അവശനായി രക്ഷപെട്ടിരിക്കുമെന്നും രണ്ടഭിപ്രായക്കാരുള്ളതായി ട്ടാണറിവ്. ജനങ്ങളുടെ സംസാരവിഷയം ഇപ്പോൾ ഇതാണ്. അക്രമികൾ ഇപ്പോൾ പോലീസ്മേലധികാരസ്ഥാനങ്ങളെ കൈവശപ്പെടുത്തുവാൻ ശ്രമം നടത്തുന്നതായും പറയപ്പെടുന്നു.

സംഭ്രമജനകമായ രഹസ്യങ്ങൾ

മദ്രാസ്സിലെ ആ കൊലപാതകം സംബന്ധിച്ച്—ഉടലില്ലാത്ത ആ തലയുടെഉടമസ്ഥൻ ആരാണെന്നു കണ്ടുപിടിച്ചെന്ന്—ഒരു പത്രപ്രശ്നത്തിൽ ഒന്നാംസമ്മാനം ലഭിച്ച ആ 'ഹതഭാഗ്യൻ' ഒരു സാമൂഹ്യപ്രവർത്തകയെ റോഡിൽവെച്ചുകണ്ട് പിന്നാലെ പോയതിനു ശേഷം, അയാളുടെ ഉടലുംതലയും ഒരുമിച്ചാരും കണ്ടതില്ല

മദ്രാസ്, സെപ്തംബർ 7

ഏതാനും ദിവസങ്ങൾക്കുമുമ്പ് തലയും കൈകാലുകളും നഷ്ടപ്പെട്ട ഒരു മൃതശരീരം മാനാമധുര റെയിൽവേസ്റ്റേഷനിൽവച്ച് ഒരു തീവണ്ടിയിലും ഉടലില്ലാത്ത ഒരു തല മദ്രാസ് കടൽത്തീരത്തും കണ്ടുകിട്ടിതായി റിപ്പോർട്ടുണ്ടായിരുന്നുവല്ലോ.

ഈ ഭയങ്കര കൊലപാതകം സംബന്ധിച്ച രഹസ്യങ്ങൾ ഒന്നൊന്നായിവെളിപ്പെട്ടുവരുന്നു. മദ്രാസിൽ ജോർജ്ജ്ടൗണിൽതാമസക്കാരനും ഒരു വ്യാപാരപ്രവർത്തകനുമായ ഒരു അവലാണ്ടറുടെ മൃതശരീരമാണു കണ്ടെടുക്കപ്പെട്ടിരിക്കുന്നതെന്നും കടൽത്തീരത്തുവച്ചു കണ്ടുകിട്ടിയ ശിരസ്സും അവലാണ്ടറുടേതാണെന്നും തെളിവുലഭിച്ചിരിക്കുന്നു. അവലാണ്ടർക്ക് ഒരു പത്രപ്രശ്നത്തിന്റെ ഒന്നാംസമ്മാനമായി ഗണ്ണുമായ ഒരു തുക ഈയിടെ ലഭിക്കയുണ്ടായി എന്നതും പുറത്തുവന്നിരിക്കുന്നു.

മദ്രാസിൽ റോയപുരത്തിനടുത്തു കടൽത്തീരത്തു തിരയടിച്ചുകയററിയതും സെപ്തംബർ 1-ാം തീയതി കണ്ടുകിട്ടിയതുമായ ഉടലില്ലാത്ത തല ആഗസ്റ്റ് 28-ാം തീയതി കാണാതായ മദ്രാസ് നഗരത്തിലെ ഒരു വർത്തകനായ അവലാണ്ടറുടേതാണെന്നും അയാളുടെ ഭാര്യാപിതാവായ ആദിനാരായണച്ചെട്ടി ഇന്നു മദ്രാസ് ജനറലാശുപത്രിയിലെ ശവമുറിയിൽവച്ചു മഹസർ തയാറാക്കുന്നസമയത്തു പോലീസിനു മൊഴികൊടുത്തിരിക്കുന്നു. ശവമുറിയിൽ സൂക്ഷിച്ചിരിക്കുന്ന തലയിലെ അടയാളങ്ങൾകൊണ്ട് അതു് അവലാണ്ടറുടെ ശിരസ്സാണെന്ന് അയാൾ ഉറപ്പിച്ചു പറഞ്ഞു.

അവലാണ്ടറുടെ ഒരു ബന്ധുവായ എസ്. വെങ്കിടരാമച്ചെട്ടിക്കെഴുത്തു മൊഴിയിൽ ദേവകി എന്നൊരു സാമൂഹ്യപ്രവർത്തകയെ ആഗസ്റ്റ് 26-ാംതീയതി ഉച്ചയ്ക്ക് ചൈനാ ബസ്സാർ റോഡിൽവച്ച് അവലാണ്ടറോടുമാരുമിച്ചു കണ്ടുവെന്നും പിന്നീട് അവലാണ്ടർ ദേവകിയുടെ പിന്നാലേ പോകുന്നതു കാണുകയുണ്ടായി എന്നും അതിനുശേഷം അവലാണ്ടർ തിരോധാനം ചെയ്യുകയാണുണ്ടായതെന്നും പറഞ്ഞിരിക്കുന്നു.

മഹസ്സർ സമയത്തു പത്തു സാക്ഷികളുടെ മൊഴി രേഖപ്പെടുത്തുകയുണ്ടായി. ദേവകിയുടെ സഹോദരനായ ആർ ബാലസുബ്രഹ്മണ്യം ഇങ്ങനെ മൊഴികൊടുത്തു പി പി. മേനോൻ കഴിഞ്ഞ ജൂൺ 5-ാംതീയതി ദേവകിയെ വിവാഹം ചെയ്തു. വിവാഹാനന്തരം ഇവർ 62 സിമററി റോഡിൽ വെവ്വേറെ താമസിച്ചിരുന്നു ആഗസ്റ്റ് 29-ാംനു- മേനോൻ അദ്ദേഹത്തിന്റെ ഗൃഹോപകരണങ്ങൾ സാക്ഷിയുടെ വീട്ടിലേയ്ക്കു മാററി. അന്നു വൈകുന്നേരം ഒരു ജോലിക്കായി ബോംബെയിലേയ്ക്കു പോകുന്നതാണെന്നു ദേവകിയും മേനോനും പറഞ്ഞു.

സ്റ്റാൻലി ആശുപത്രിയിലെ ഒരു സ്റ്റോർക്കീപ്പറായ സുകുമാരന്റെ മൊഴിയിൽ താൻ മേനോന്റെ വസതി സാധാരണ സന്ദർശിക്കാറുണ്ടെന്നും ആഗസ്റ്റ് 29—ാംതീയതി അവിടെ ചെന്നപ്പോൾ അന്നു വൈകുന്നേരം ഭാര്യയോടുകൂടി ഒരു ജോലി സ്വീകരിക്കുന്നതിനായി ബോംബേയ്ക്കു പോകുകയാണെന്നു പറഞ്ഞുവെന്നും വീട്ടുടമസ്ഥനുമായി വാടകസംബന്ധിച്ച കാര്യങ്ങൾ തീർക്കുവാൻ താൻ ആവശ്യപ്പെട്ടുവെന്നുമായിരുന്നു.

കഴിഞ്ഞ രണ്ടു മാസമായി മേനോൻ ഒരു ഇൻഷ്വറൻസ് കമ്പനി മാനേജരുടെ കീഴിൽ ജോലി ചെയ്യുകയായിരുന്നുവെന്ന് മാനേജർ മൊഴികൊടുത്തു.

ആഗസ്റ്റ് 29-ാംനു- ഒരു പൊതി കയ്യിൽ വഹിച്ചിരുന്ന ഒരു മനുഷ്യനെ സിമററി റോഡിൽനിന്നു റോയപുരത്തുള്ള കടൽപ്പുറത്തേയ്ക്കു റിക്ഷായിൽ കൊണ്ടുപോയി എന്നും അന്നു സമയം കഴിഞ്ഞപ്പോൾ അതേമനുഷ്യൻ തന്നെ കൈയിൽ ഒന്നുമില്ലാതെ തിരിച്ചുപോകുന്നതു താൻ കണ്ടു എന്നും ഒരു റിക്ഷാക്കാരനായ ആറുമുഖം മൊഴികൊടുത്തു. ആഗസ്റ്റ് 28-ാംനു- താൻ സിമററി റോഡിൽനിന്ന് ഒരു മനുഷ്യനെയും ഒരു ട്രങ്കും തന്റെ റിക്ഷായിൽ വലിച്ചുകൊണ്ട് എഗ്മൂർ റെയിൽവേസ്റ്റേഷനിൽ കൊണ്ടുപോയി എന്നും ഉടമസ്ഥൻ ആവശ്യപ്പെട്ടതനുസരിച്ച് സ്റ്റേഷനിൽ ഉണ്ടായിരുന്ന ഒരു തീവണ്ടിയിൽവച്ചു എന്നും കാതിവരായൻ എന്ന മറെറാരു റിക്ഷാക്കാരൻ മൊഴി രേഖപ്പെടുത്തി.

പി. പി. മേനോന്റെ വേലക്കാരനും 15 വയസ്സുപ്രായമുള്ളവനുമായ യു.പി. നാരായണൻ കൊടുത്ത മൊഴിയിൽ തീവണ്ടിയിൽ കണ്ടുപെട്ടി അവന്റെ യജമാനനായ മേനോന്റെയാണെന്നു പറഞ്ഞു. 28-ാംനു- പെട്ടി യജമാനന്റെ വീട്ടിൽനിന്നു മാററിയതാണെന്ന് അവൻ വെളിപ്പെടുത്തി.

കടൽച്ചെടികളിൽ നിന്ന്

ഭക്ഷണവും വസ്ത്രവും മററു വിഭവങ്ങളുംലഭിക്കും—ഡാ റോജറിന്റെ പ്രസ്താവന

കാലിഫോർണിയാ, സെ. 7

സമുദ്രഗർഭവിഭവങ്ങൾ നിരവധിയാണെന്ന് പുതിയ എലക്ട്രിക് ഉപകരണങ്ങളുടെ സഹായത്തോടുകൂടി ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു എന്ന് ഡാക്ടർ റോജർറെവെല്ലെ പറയുന്നു. അദ്ദേഹം കാലിഫോർണിയാ സർവകലാശാലയിലെ സമുദ്രപര്യവേക്ഷണസ്ഥാപനത്തിന്റെ ആക്ടിംഗ് ഡയറക്ടർ ആണ് കാലിഫോർണിയായിലെ എല്ലാ വിളഭൂമികളിലും വനങ്ങളിലും എണ്ണക്കളങ്ങളിലുംനിന്നും കിട്ടുന്നതിൽ കൂടുതൽ വിലയുള്ള വിഭവങ്ങൾ കാലിഫോർണിയായുടെ കടലിൽനിന്നു കിട്ടാനുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. "ലോകത്തിലെ മത്സ്യവ്യവസായം ഇനിയും പൂർണ്ണ വളർച്ച യിലെത്തിയിട്ടില്ലെ"ന്നും കടൽച്ചെടികളിൽനിന്നും ലക്ഷോപലക്ഷം ജനങ്ങൾക്കാവശ്യമായ ഭക്ഷ്യസാധനങ്ങളും, വസ്ത്രങ്ങളും, ഗൃഹനിർമ്മാണസാധനങ്ങളും ഉണ്ടാക്കാൻ സാധിക്കുമെന്നും ഡാക്ടർ റെവെല്ലെ വിശ്വസിക്കുന്നു.

ഹിന്ദുമഹാമണ്ഡലം

ജീവിക്കുന്നു, അതു് ജീവിക്കണം, അതു് ചരിത്രപരമായഒരാവശ്യമാണ്

തൽക്കാലം ഇന്നു താഴ്ന്നുകിടക്കുന്ന ആ സംഘടന സമയംവരുമ്പോൾ ഉയർത്തെഴുന്നേററ് നമ്മുടെ ഉത്തമതാൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കും—അതിനാൽ ഇനി മണ്ഡലമെന്തിന്, ലയനപ്രമേയമെന്തിന് എന്നൊക്കെ സംശയിക്കുന്ന മനോഭാവം ബുദ്ധിപൂർവമല്ല—സാഹചര്യങ്ങൾ അനുകൂലമാകുന്നതുവരെ ലയനപ്രമേയം അവിടെ ഇരിക്കട്ടെ

കൊല്ലം, സെ: 7

ഇന്നുകൂടിയ എസ്. എൻ. ഡി. പി. വാർഷികയോഗത്തിൽ ജനറൽ സെക്രട്ടറി ആർ. ശങ്കർ അവതരിപ്പിച്ച റിപ്പോർട്ടിൽ ഹിന്ദുമഹാമണ്ഡലത്തെപ്പററി താഴെച്ചേർക്കും വിധത്തിൽ പ്രസ്താവിച്ചിരുന്നു:-

രണ്ടുകൊല്ലങ്ങൾക്കുമുമ്പു ഹിന്ദുക്കളുടെയിടയിൽ ഒരു ഐക്യബോധവും അതിലേയ്ക്കുള്ള അതിയായ ഒരാഗ്രഹവും കണ്ടു തുടങ്ങിയകാലത്താണ് ഹിന്ദുമഹാമണ്ഡലം ആവിർഭവിച്ചതു്. അതുണ്ടാകാനുള്ള പ്രാരംഭനടപടി എടുത

പ്രാദേശികവാർത്തകൾ

തീരദേശ ദുരിതനിവാരണം— ഒരഭ്യർത്ഥന

(ആർ. ശങ്കർ, ജനറൽസെക്രട്ടറി, എസ്. എൻ. ഡി. പി. യോഗം)

കൊല്ലം, സെപ്തമ്പർ 8

കേരളോല്പന്നങ്ങളുടെ വിലയിടിവ്, തൊഴിലില്ലായ്മ, പൊതുസമ്പത്തികാസ്വാസ്ഥ്യം ഇവ ഹേതുക്കളാൽ തിരുവിതാംകൂർ—കൊച്ചി സംസ്ഥാനത്തിന്റെ തീരദേശങ്ങളെ— വിശേഷിച്ച് അമ്പലപ്പുഴ ചേർത്തല പ്രദേശങ്ങളെ—അധിവസിക്കുന്ന സാധുക്കൾ കഠിനമായ ദാരിദ്ര്യത്തിലും പട്ടിണിയിലും ആണ്ടുപോയിരിക്കുന്നു വസ്തുത സംസ്ഥാനവാസികളായ സകലജനങ്ങളും അറിഞ്ഞിരിക്കുകയാണല്ലോ ദുരിതാശ്വാസപ്രവർത്തനങ്ങൾ ഈ രാജ്യത്തു പല സ്ഥലങ്ങളിലും ആരംഭിച്ചിട്ടുണ്ട്. എന്നാൽ അവിടവിടെ ശേഖരിച്ച ഭക്ഷ്യസാധനങ്ങളും, വസ്ത്രം മുതലായവയും അർഹിക്കുന്നവർക്കായി നീതിപൂർവം വിതരണം ചെയ്യുവാൻ തക്ക വ്യാപ്തിയും സംഘടനാവിപുലതയുമുള്ള ഏതെങ്കിലും ബഹുജനപ്രസ്ഥാനത്തിന്റെ അഭാവം അത്തരം ദുരിതാശ്വാസപ്രവർത്തനങ്ങളെ വേണ്ടപോലെ പ്രയോജനകരമാക്കുന്നില്ല. എസ്. എൻ. ഡി. പി. യോഗത്തിന് ഈ പ്രദേശങ്ങളിലെല്ലാം ഒരുവിധം വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന ശാഖകളും യൂണിയൻ സമ്പ്രദായവുമുണ്ട്. ദുരിതമനുഭവിച്ചവരുന്ന ജനങ്ങളിൽ ഒരു വലിയവിഭാഗം യോഗത്തിന്റെ അംഗങ്ങളുമാണ്. അതിനാൽ എസ്. എൻ. ഡി. പി യോഗത്തിന് ഈ സംഗതിയിൽ മുൻകയ്യെടുത്തു പ്രവർത്തിക്കുവാൻ പ്രത്യേക കർത്തവ്യവും പ്രാപ്തിയുണ്ടെന്നു വ്യക്തമാണ്. ഈ വസ്തുതകളെയെല്ലാം പരിഗണിച്ച് യോഗത്തിന്റെ ആഭിമുഖ്യത്തിൽ "എസ്. എൻ. ഡി. പി സെൻട്രൽ റിലീഫ് ഫണ്ട്" എന്ന നാമധേയത്തിൽ ഒരു ഫണ്ട് തുറക്കുന്നതിനും, എല്ലാ യൂണിയൻസും ശാഖകളും ഈ മാസം പതിന്നാലാംതീയതി ഞായറാഴ്ചദിവസത്തെ "ദുരിതനിവാരണദിന"മായി ആചരിക്കുന്നതിനും, അന്നദിവസം രാജ്യത്തെമാട്ടുള്ള യൂണിയൻസിലേയും ശാഖകളിലേയും പ്രവർത്തകർ ഗൃഹങ്ങൾതോറും സഞ്ചരിച്ച് സാമാന്യം ഭേദപ്പെട്ട ധനസ്ഥിതിയുള്ളവരിൽനിന്നും അരി, ഉണക്കക്കപ്പ, വസ്ത്രം മുതലായ സാധനങ്ങളും പണവും ശേഖരിച്ച് അതാതു യൂണിയൻ ഹെഡാഫീസുകളിൽ സൂക്ഷിക്കുന്നതിനും, യോഗത്തിന്റെ നിർദ്ദേശമനുസരിച്ച് പുതായി തുറക്കപ്പെടുവാൻ പോകുന്ന ദുരിതനിവാരണ കേന്ദ്രങ്ങളിലേയ്ക്ക് അയച്ചുകൊടുത്ത് അവിടവിടെസംഘടിതമാവുന്നുത്തരവാദിത്വമുള്ള കമ്മററികളുടെ ആഭിമുഖ്യത്തിൽ ജാതിമതഭേദമെന്യേ ആശ്വാസമർഹിക്കുന്ന സകലമാനപേർക്കും നീതിപൂർവം വിതരണം ചെയ്യുന്നതിനും, സെപ്തംബർ ഏഴാംതീയതി കൊല്ലത്തു സമ്മേളിച്ച എസ്. എൻ. ഡി പി യോഗത്തിന്റെ 49—ാമതു വാർഷികപൊതുയോഗം തീരുമാനംചെയ്തിരിക്കുന്നു. ഉദാരമായ സംഭാവനകൾ എന്റെ മേൽവിലാസത്തിൽ കൊല്ലത്തെ സെൻട്രൽ റിലീഫ് ഫണ്ടിലേയ്ക്ക് അയച്ചുതരുവാൻ ഉദാരമതികളും, ദീനാനുകമ്പയുള്ളവരുമായ രാജ്യത്തെ ബഹുജനങ്ങളോടു ഞാൻ അഭ്യർത്ഥിക്കുന്നു. 'ദുരിതാശ്വാസദിന'മായ സെപ്തംബർ പതിന്നാലാംതീയതി ഞായറാഴ്ച സകല എസ്. എൻ. ഡി. പി. പ്രവർത്തകരും അവരവരുടെപ്രവർത്തനപരിധിയിൽപ്പെടുന്ന സ്ഥലങ്ങളിലുള്ള എല്ലാ ഗൃഹങ്ങളും സന്ദർശിച്ച് ഭക്ഷ്യസാധനങ്ങളും, വസ്ത്രവും, പണവും സംഭരിക്കുവാൻ ഞാൻ അവരോട് അഭ്യർത്ഥിക്കുന്നു. ഓരോ യൂണിയന്റേയും അതുത്തിയിലുള്ള ശാഖകളിൽ ശേഖരിക്കുന്ന സാധനങ്ങളും, പണവും അതാതു യൂണിയനാഫീസുകളിൽ അന്നുതന്നെ എത്തിക്കേണ്ടതാണ്. മൊത്തത്തിൽ ശേഖരിച്ചിട്ടുള്ള സാധനങ്ങളുടേയും പണത്തിന്റേയും കണക്ക് ഉടനേതന്നെ യോഗം ഹെഡാഫീസിൽ അറിയിക്കേണ്ടതുമാണ്. ഏതുസ്ഥലങ്ങളിലേക്ക് ഇതുയിത്ര സാധനങ്ങൾ ഇന്നസമയത്തു അയച്ചുകൊടുക്കണമെന്നുള്ള നിർദ്ദേശം ഹെഡാഫീസിൽനിന്ന് അപ്പോഴപ്പോൾ യൂണിയനു ലഭിക്കുന്നതും, യൂണിയൻ അധികൃതർ അതനുസരിച്ച പ്രവർത്തിക്കേണ്ടതുമാണ്.

ജീവകാരുണ്യപരമായി നിർഭാഗ്യവാന്മാരായ നമ്മുടെ സഹോദരന്മാർ ഇന്നനുഭവിക്കുന്ന ദുരിതങ്ങളിൽനിന്ന് അവരെ രക്ഷിക്കുന്നതിനായി കൈക്കൊള്ളുന്ന ഈ പരിപാടി ഏററവും കാര്യക്ഷമമായും, നിഷ്കൃഷ്ടമായ സത്യസന്ധതയോടുംകൂടി നിർവ്വഹിക്കുന്നതിന് എല്ലാ മനുഷ്യസ്നേഹികളുടെയും നിസ്വാർത്ഥമായ സഹകരണങ്ങൾ ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു

'രാഷ്ട്രീയം' വയററിൽവേദനയ്ക്കു മരുന്ന്

സിലോ[illegible]നമന്ത്രി ഡഡ്ലി [illegible]കയ്ക്ക് ഏകദേശം 16 വർഷം മുമ്പ്. കഠിനമായ വയററിൽവേദനയുണ്ടായി. അദ്ദേഹം ഇംഗ്ലണ്ടിൽ പഠിച്ചുകൊണ്ടിരുന്ന കാലത്താണ് ഈ സുഖക്കേട് ആരംഭിച്ചതു്. ഇംഗ്ലണ്ടിലെ വിദഗ്ദ്ധന്മാരല്ലാം ചികിത്സിച്ചു; പക്ഷെ, വയററിൽ വേദന കുറഞ്ഞില്ല. സിലോണിൽ വന്നശേഷം ആയുർവ്വേദഭിഷഗ്വാന്മാർ പഠിച്ച പണികളെല്ലാം നോക്കി. രോഗം ശമിച്ചില്ല. ഒടുവിൽ അദ്ദേഹത്തിന്റെ അച്ഛൻ ഒരു വിദ്യയുപദേശിച്ചു. 'നീ രാഷ്ട്രീയത്തിൽ പ്രവേശിക്കണ്' മെന്നുള്ളതായിരുന്നു ആ വിദ്യ. ഉടൻതന്നെ സേനാനായക് രാഷ്ട്രീയത്തിൽ പ്രവേശിച്ചു ഒന്നാമത്തെ തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ വയററിൽ വേദന നിശ്ശേഷം സുഖപ്പെട്ടു അതിനുശേഷം രോഗത്തിൽനിന്നു വിമുക്തനാകുവാൻ അദ്ദേഹം രാഷ്ട്രീയത്തിൽനിന്നു വിട്ടുമാറാതെ നിൽക്കുകയാണ്. രാഷ്ട്രീയം വയററിൽവേദനയ്ക്ക് കൈകണ്ട ഔഷധമായി തനിക്കനുഭവപ്പെട്ടതിനെപ്പററി അദ്ദേഹം ഒരു പ്രസംഗമദ്ധ്യേ വെളിപ്പെടുത്തുകയുണ്ടായി.

കമ്മ്യൂണിസ്റ്റുശല്യം കുറഞ്ഞു

മലയായിൽ ടെംപ്ളർഭരണം തുടങ്ങിയതിനുശേഷം

കോലാലമ്പൂർ, സെ: 7

കഴിഞ്ഞ ആറുമാസത്തിനിടയ്ക്കു മലയാ ഗവമ്മെൻറിന്റെ കമ്മ്യൂണിസ്റ്റ് വിരുദ്ധസംരംഭവും വെടിവെക്കലും വിജയപ്രദമായിരിക്കുകയാണ്. പുതിയ ഹൈക്കമ്മീഷണർജനറൽ സർ ജെറാൾഡ് ടെംപ്ളറാണിതിനുത്തരവാദി. കൊല്ലപ്പെടുകയും, പിടിക്കുകയും ചെയ്ത അക്രമികളുടെ എണ്ണം ചരിത്രത്തിലെ ഏററവും വലിയ സംഖ്യയായി ഉയർന്നിരിക്കുന്നു. ഭീകരപ്രവർത്തനം സാരമായി മന്ദീഭവിക്കുകയും രക്ഷാനടപടികൾ ശക്തമാവുകയും ചെയ്തിട്ടുണ്ട്.

വമ്പിച്ച ആൾനാശം സംഭവിച്ച കമ്യൂണിസ്റ്റുകൾക്ക് അതു നികത്താൻ വലിയ ബുദ്ധിമുട്ടു നേരിട്ടിരിക്കുകയാൽ അവരുടെ പ്രവർത്തനം മിക്കവാറും കൊല്ലത്തിന്റെ അന്ത്യഭാഗത്തേക്കു നീട്ടിവെച്ചിരിക്കുകയാണ്.

അടുത്ത കാലത്തായി അക്രമികളെ സംബന്ധിച്ച പോലീസിനു കൂടുതൽ വിവരം പൊതുജനങ്ങളിൽ നിന്നുതന്നെ ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നു പോലീസ് പ്രസ്താവിക്കുന്നു.

ടെംപ്ളർ വന്നതിനുശേഷം 648 അക്രമികളെ കൊല്ലുകയും, 74പേരെ പിടിക്കുകയു, മൂന്നു നേതാക്കളടക്കം 121പേർ കീഴടങ്ങുകയും ചെയ്തിട്ടുണ്ട്.

മലയായുടെ രാജ്യരക്ഷ ജനങ്ങളിൽ ത്തന്നെയാണ് സ്ഥിതി ചെയ്യുന്നതെന്ന് ഇന്നലെ ഗവമ്മെൻറ് ചെയ്ത ഒരു പ്രഖ്യാപനത്തിൽ പ്രസ്താവിക്കുന്നു.

ഉദ്യോഗസ്ഥന്മാരെ ബുദ്ധിമുട്ടിക്കുന്നതു് ആയുധം ശേഖരിച്ചുവെയ്ക്കുന്ന ഭീകരക്കാരാണ്. അവർ കീഴടങ്ങിയാൽ നൽകുന്ന സമ്മാനം വർദ്ധിപ്പിച്ചിട്ടുണ്ട്. അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനുശേഷം 60—തിൽ പരം ആയുധങ്ങളും, 80000 റൌണ്ടിലധികം വെടിക്കോപ്പും പിടിച്ചിട്ടുണ്ടെങ്കിലും ഭീകരക്കാരുടെ കയ്യിൽ അത്രതന്നെ ഇരിപ്പുണ്ടെന്നു കരുതപ്പെടുന്നുണ്ട്. ഇതെന്നും യുദ്ധകാലത്തെ ബ്രിട്ടീഷ് സപ്ളൈയിൽ ബാക്കിയുള്ളതല്ലെന്നാണ് അറിയുന്നതു്. "പിന്നെ ഇവ എവിടെ നിന്നുകിട്ടി"|എന്നതാണ് ഉദ്യോഗസ്ഥന്മാരെ അഭിമുഖീകരിക്കുന്ന പ്രശ്നം.

നിരോററുപുരം

94—ാംനമ്പർ റേഷൻ ഡിപ്പോയിലെ വിതരണോദ്യോഗസ്ഥൻ കാലാകാലങ്ങളിൽ റേഷൻ സാധനങ്ങൾ എടുത്തു് വിതരണം നടത്തായ്കനിമിത്തം ടി കടയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കാർഡുടമസ്ഥന്മാർ അതിയായി വിഷമിക്കേണ്ടിവരുന്നു.

തലവടി മരങ്ങാട്ടില്ലത്തു് വി. ദാമോദരൻ നമ്പൂതിരി അവർകളുടെ പുത്രി കെ ഗൗരിഅന്തർജ്ജനവും നെടുമുടി മാത്തൂർ വീട്ടിൽ എൻ കെ. മാധവപ്പണിക്കരും തമ്മിലുള്ള വിവാഹം വധൂഗൃഹമായ മംഗലപ്പള്ളിൽവച്ച് സമംഗളം നടന്നിരിക്കുന്നു.

തലവടിഗവ :ഹൈസ്കൂളിനു സമീപമുള്ള കടത്തുവള്ളം, ജീർണ്ണിച്ച് ഉപയോഗശൂന്യമായ നിലയിൽ ആയിരിക്കുന്നതിനാൽ സ്ഥലത്തെ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും, യാത്രക്കാർക്കും കടത്തുകടക്കുവാൻ വളരെ വിഷമമായിരിക്കുന്നു.

കാരയ്ക്കാട്

സ്ഥലം എസ്. എച്ച്. വി. ഹൈസ്കൂൾ സാഹിത്യസമാജത്തിന്റെ ഉൽഘാടനകർമ്മം എം. പി. മന്മഥന്റെ മഹനീയാദ്ധ്യക്ഷതയിൽ നടത്തുകയും തദവസരത്തിൽ പന്തളം കോളേജ്ജുലക്ചറർ എം. എസ്സ്. ദേവദാസ് സ്കൂളുകളിൽ സാഹിത്യസമാജത്തിന്റെ ആവശ്യകതയെപ്പററിയും, അദ്ധ്യക്ഷൻ നിലവിലിരിക്കുന്ന വിദ്യാഭ്യാസപദ്ധതിയെ നിശിതമായി വിമർശിച്ചും ഇന്നു വിദ്യാർത്ഥികളുടെ ഇടയിലുള്ള അച്ചടക്കരാഹിത്യത്തെ പരാമർശിച്ച പ്രസംഗിച്ചു.

കുറിച്ചി

സ്ഥലം ലത്തീൻ പള്ളിവക ലിൻറിൻഹ്ളൗവർ എം. പി. സ്കൂളിൽവച്ച് പി. എം പോളിന്റെ അദ്ധ്യക്ഷതയിൽ വിവിധസഭാവിഭാഗങ്ങളിലെ അവശക്രൈസ്തവരുടെ ഒരു യോഗം കൂടുകയും എൻ. ജെ. തോമ്മസ്, എം. ജെ. ഐസക്ക്, എൻ. ററി. ദേവസ്യാ, വി. പി. പൌലൂസ് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

വിളക്കമാടം

ഇക്കഴിഞ്ഞ ദിവസങ്ങളിൽ മുണ്ടക്കയത്തും മുഹമ്മയിലും മററും കമ്മ്യൂണിസ്റ്റുകാർ നടത്തിയ കയ്യേറ്റങ്ങളെ പ്രതിഷേധിക്കുവാൻ സ്ഥലം സ്കൂൾ ഹാളിൽവച്ച് വിദ്വാൻ കെ. തോമ്മസ്സിന്റെ അദ്ധ്യക്ഷതയിൽ ഒരു പൗരമഹായോഗം നടക്കുകയുണ്ടായി യോഗത്തിൽ കയ്യേററങ്ങളെ പ്രതിഷേധിച്ച് പലരും പ്രസംഗിച്ചു.

മീനടം

ടിറവർ ലൈബ്രറിയിലെ ഉദ്ദേശം രണ്ടായിരം രൂപാ വിലവരുന്ന ഗ്രന്ഥങ്ങളും ഉപകരണങ്ങളും സ്ഥലം പബ്ളിക്ക് ലൈബ്രറിക്ക് വിട്ടുകിട്ടിയതിനെ തുടർന്ന്, ഭാവിപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് പി സി. കുരുവിളയുടെ അദ്ധ്യക്ഷതയിൽ കൂടിയ കമ്മററിയോഗത്തിൽ തീരുമാനിച്ചിരിക്കുന്നു.

വടക്കൻ പാറൂർ

പാറൂർ—കുഞ്ഞാപ്പിള്ളി ലൈനിൽ ഓടിക്കൊണ്ടിരിക്കുന്ന ഒരു ബസ്സ് ഇക്കഴിഞ്ഞദിവസം മടപ്ളാതുരുത്തിൽവച്ച വഴിയേ കാൽനടയായി പോയ്ക്കൊണ്ടിരുന്ന 66 വയസ്സുപ്രായമുള്ള ജി. കൃഷ്ണൻനമ്പി എന്നൊരാളുടെ ദേഹത്തു കയറുകയും, കാലിനു കഠിനമായ പരുക്കുപററുകയും ചെയ്യുകയുണ്ടായി. പരുക്കേററയാളെ ഉടനെ എറണാകുളം ജനറൽ ആശുപത്രിയിൽ കൊണ്ടുപോയി ചികിത്സിച്ചുവരുന്നു പരുക്കു ഗുരുതരമാണെന്നു പറയപ്പെടുന്നു. പോലീസ് സ്ഥലത്തെത്തി മഹസ്സർ തയ്യാറാക്കുകയും, ഡ്രൈവറെ അറസ്റ്റുചെയ്തു ജാമ്യത്തിൽ വിടുകയുമുണ്ടായി.

മാവേലിക്കര

തോന്നല്ലൂർപകുതിയിൽ കടയക്കാട് വടക്കുഭാഗത്തു 1792—ാംനമ്പരായി ഒരു എൻ. എസ്. എസ്. കാര്യാലയത്തിന്റെ ഉൽഘാടനം എം പി മന്മഥൻ നിർവ്വഹിക്കപ്പെടുന്നതാണ്.

അമ്പലപ്പുഴ

പി. കെ. മെമ്മോറിയൽ ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ ആണ്ടുതോറും അഷ്ടമിരോഹിണി ദിവസം നടത്തിവരാറുള്ള സാഹിത്യസമ്മേളനം ഇക്കൊല്ലം സെപ്തമ്പർ 11—ാംനു- സാഹിത്യപഞ്ചാനന ഹാളിൽവച്ച് കെ. എൻ. കേശവൻനമ്പൂതിരിപ്പാടിന്റെ (അഡീഷണൽ ഡിസ്ട്രിക്ട് ജഡ്ജി. ആലപ്പുഴ) അദ്ധ്യക്ഷതയിൽ നടത്തുന്നതും, വയലാർ രാമവർമ്മ, തകഴി എൻ. എൻ. ഇളയതു് തുടങ്ങിയ സാഹിത്യകാരന്മാർ പ്രസംഗിക്കുന്നതുമാണ്.

മാടപ്പട്ട്

ഒറവയ്ക്കൽ—അകലക്കുന്നം റോഡിൽ എരുത്തുപുഴ എന്ന സ്ഥലത്തു പന്നഗംതോട്ടിൽ ഒരു പാലത്തിന്റെ അഭാവത്താൽ അനേകംസ്ത്രീകുട്ടികളും യാത്രക്കാരും കാളവണ്ടിക്കാരും വളരെ വിഷമിക്കുന്നു. വർഷകാലമായാൽ യാതൊരു തരത്തിലും അക്കരെ ഇക്കരെ കടക്കുവാൻ നിവർത്തിയില്ലാത്ത ഈ തോട്ടിൽ ഒരു പാലം അനുവദിച്ചും കോട്ടയംമുതൽ കുരോപ്പുഴവരെയെങ്കിലും ഒരു ബസ്സർവ്വീസ് അനുവദിച്ചുതരുന്നതിന് അധികാരികളുടെ ശ്രദ്ധ പതിഞ്ഞുകാണുവാൻ ആഗ്രഹിക്കുന്നു.

വാഴൂർ

ശ്രീ തീർത്ഥപാദപരമഹംസ സ്വാമിതിരുവടികളുടെ 4—ാമതു മഹാസമാധിനക്ഷത്ര മഹാമഹം ഇക്കൊല്ലം ശ്രീതീർത്ഥപാദാശ്രമത്തിൽവച്ച പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു ആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന വിദ്യാർത്ഥിസമ്മേളനത്തിന്റെ വാർഷികസമ്മേളനം, മഞ്ഞപ്പള്ളി രാമകൃഷ്ണപിള്ളയുടെ അദ്ധ്യക്ഷതയിൽ 743—ാം നമ്പർ കാര്യോഗമന്ദിരത്തിൽവച്ച നടത്തി

ചേർത്തല

മുറവേലിൽ എം. പി ഗോവിന്ദപ്പിള്ളയുടെ പുത്രി സാസകമാരിയും തിരുവനന്തപുരത്തു കൈതമുക്ക് പഴയവീട്ടിൽ എം. ഗോവിന്ദപ്പിള്ളയുടെ അനന്തിരവൻ കെ. എൻ. കുട്ടപ്പൻനായരും തമ്മിലുള്ള വിവാഹം വധൂഗൃഹമായ ചന്ദ്രവിലാസത്തുവച്ച സമംഗളം നടന്നിരിക്കുന്നതായറിയുന്നു.

രണ്ടാണ്ടോളമായി വീടുകെട്ടിക്കാൻ സാമ്പത്തിയില്ലാത്തവരുടെ ഏഴു വീടുകൾ ചേർത്തല മൂന്നാംമണ്ഡലം കമ്മററിക്കാർ കെട്ടിച്ചുകൊടുത്തിട്ടുള്ളതായി അറിയുന്നു.

തലനാട്

തലനാട് ശ്രീനാരായണധർമ്മചന്ദ്രികാമഠത്തിൽ ആണ്ടുതോറും നടത്തിവരാറുള്ള ചതയമഹോത്സവം പി. കെ. രാഘവൻ ചെട്ടിക്കുന്നേലിന്റെ സ്വന്ത ചെലവിലും സ്ഥലം എസ്. എൻ. ഡി. പി. ശാഖയുടെ ആഭിമുഖ്യത്തിലും വിവിധ പരിപാടികളോടുകൂടി പൂർവ്വാധികം ഭംഗിയായി കൊണ്ടാടിയിരിക്കുന്നു

ആനിക്കാട്

തിരു-കൊച്ചി ഭാരതർമഹാസഭയുടെ കഴിഞ്ഞ വാർഷികയോഗത്തിൽവച്ച തെരഞ്ഞെടുക്കപ്പെട്ട ദേവസ്വംസെക്രട്ടറി 7 മാസക്കാലമായിട്ടു ദേവസ്വം ആഫീസിൽ വരികയോ റിക്കാർട്ടുകൾ ഏററുവാങ്ങി ചാർജ്ജെടുത്തു ജോലിയിൽ നാളിതുവരെ പ്രവേശിക്കയോ ചെയ്തിട്ടില്ലത്തതിനാൽ ആനിക്കാട് ശ്രീസതുനഗ്രഹക്ഷേത്രത്തിന്റെയും ദേവസ്വത്തിന്റെയും ഭാവിപ്രവർത്തനത്തെപ്പററി തീരുമാനിക്കുന്നതിനായി ദേവസ്വം പ്രസിഡണ്ട് പി. ആർ. നീലകണ്ഠൻവൈദ്യന്റെ അദ്ധ്യക്ഷതയിൽ സതുനഗ്രഹക്ഷേത്രസന്നിധിയിൽവച്ച സെപ്തംബർ 15—ാംനു- തിങ്കളാഴ്ച 11 മണിക്കു ദേവസ്വത്തിന്റെ ഒരു വിശേഷാൽ സമ്മേളനം കൂടുന്നതിനു തീരുമാനിച്ചിരിക്കുന്നു.

മാന്നാർ

മാന്നാർ ശ്രീകൃഷ്ണസ്വാമിക്ഷേത്രം അനേകം ഭക്തജനങ്ങൾ നിത്യവും സന്ദർശിച്ച് ആരാധനനടത്തുന്ന ഒരു പുണ്യക്ഷേത്രമാണ്. എന്നാൽ ചരിത്രപ്രസിദ്ധമായ ഈ ക്ഷേത്രത്തിന്റെ ഇന്നത്തെ ശോചനീയാവസ്ഥ ഏതൊരു ഭക്തഹൃദയത്തെയാണ് തകർക്കുന്നതു? ഈ ക്ഷേത്രത്തിനു നാലമ്പലമോ ബലിക്കൽപ്പുരയോ ഇല്ല. തന്മൂലം ഭക്തജനങ്ങൾക്കു സ്വാമിദർശനം നടത്തുവാൻ വലിയ കഷ്ടതകൾ അനുഭവിക്കേണ്ടിവരുന്നു. എന്നുതന്നെയുമല്ല, പൂജാദികർമ്മങ്ങൾക്കുവേണ്ടതു ആളുകളില്ലാ. ഈ അവസ്ഥയെക്കണ്ടിച്ച് ഭക്തരായ നാട്ടുകാർ പല നിവേദനങ്ങളും അധികാരസ്ഥാനങ്ങളിൽ സമർപ്പിച്ചതിന്റെ ഫലമായി മരാമത്തുവകുപ്പിൽനിന്നും അളവുകൾ എടുത്തുകൊണ്ടുപോയിട്ടുള്ളതല്ലാതെ ക്ഷേത്രപുനരുദ്ധാരണത്തിനുവേണ്ട നടപടികൾ യാതൊന്നും കൈക്കൊണ്ടുകാണുന്നില്ല. ഈ സംഗതി ഈ പംക്തിയിൽക്കൂടി ഒന്നിൽക്കൂടുതൽ പ്രാവശ്യം അറിയിച്ചിട്ടുണ്ട്. അതിനും യാതൊരു ഫലവുംകാണുന്നില്ല ആയതിനാൽ ദേവസ്വം ബോർഡ് ഇതിലേയ്ക്കു വേണ്ട ശ്രദ്ധ ഉടനടി പതിച്ചുകാണാൻ ആഗ്രഹിക്കുന്നു.

മുണ്ടക്കയം

സ്ഥലം ഹിന്ദു വനിതാസമാജത്തിന്റെ ഒന്നാമതു വാർഷികസമ്മേളനം മുണ്ടക്കയം എസ്. എൻ. ഡി. പി. ശാഖായോഗമന്ദിരത്തിൽവച്ച ലേഡീവിദ്വാൻ മുതുകുളം പാർവ്വതിയമ്മയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. യോഗത്തിൽ വി. കെ. കാർത്യായനിയമ്മ സ്വാഗതപ്രസംഗം ചെയ്തു. ആർ കെ. കർത്താ, കെ ജെ. തോമ്മസ്, ററി. പി. ഗോപാലൻ, ററി. കെ. കുഞ്ഞുപണിക്കർ, കുമാരി കെ. ആർ. അമ്മുക്കുട്ടി എന്നിവർ പ്രസംഗിച്ചു മത്സരങ്ങളിൽ വിജയികളായവർക്കു സമ്മാനദാനം, കുട്ടികളുടെ വിനോദപ്രകടനം, കുമാരി ററി പി. ഭവാനിക്കുട്ടിയമ്മയുടെ കൃതജ്ഞത എന്നിവയ്ക്കുശേഷംയോഗം മംഗളമായിപര്യവസാനിച്ചു.

തിരുവല്ല

സാമൂഹ്യസേവന പദ്ധതിയുടെ കോഴ്സ് കഴിഞ്ഞു് ഡൽഹിയിൽനിന്നും സ്വദേശത്തേയ്ക്കു മടങ്ങിയെത്തിയിട്ടുള്ള സി എൻ പരമേശ്വരൻപിള്ള എം. എ യെ അനുമോദിക്കുന്നതിനായി ഈ മാസം 2—ാംതീയതി മൂന്നുമണിക്ക് വള്ളംകുളം നാഷണൽ ഇംഗ്ലീഷ് മിഡിൽസ്കൂളിൽവച്ച് മന്നത്തു പത്മനാഭൻ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൌരമഹായോഗംകൂടി അദ്ധ്യക്ഷനേയും, പരമേശ്വരൻപിള്ളയേയും ഹാരമണിയിച്ചു സ്വീകരിച്ച് ഒരു വമ്പിച്ച രാഷ്ട്രീയയാത്രയായി പ്രസംഗവേദിയിലേയ്ക്കു ആനയിച്ച യോഗത്തിൽ ആദ്ധ്യക്ഷംവഹിച്ചുകൊണ്ടു മന്നം് സേവാസന്നദ്ധരായ യുവജനങ്ങൾക്കു് പ്രചോദനം നൽകിക്കൊണ്ടും രാജ്യക്ഷേമകരങ്ങളായ പ്രവർത്തനങ്ങളിൽ യുവാക്കളായ സ്ത്രീപുരുഷന്മാരുടെ കടമയെ ഉൽബോധിപ്പിച്ചുകൊണ്ടും ഏറ്റവും ഹൃദ്യമായ ഒരു പ്രസംഗം ചെയ്തു കയും പരമേശ്വരൻപിള്ളയുടെ വ്യക്തിമാഹാത്മ്യത്തെ പ്രകീർത്തിച്ച് അനുമോദിക്കുകയുംചെയ്തു. അനന്തരം പരമേശ്വരൻപിള്ളയുടെ മറുപടിപ്രസംഗവും, വള്ളംകുളം കൊച്ചുകുഞ്ഞുപണിക്കർ, മഠത്തിൽ കെ. നാരായണപ്പിള്ള, കെ എം. തോമ്മസ്, മഹോപാദ്ധ്യായ കെ. എം. ആചാരി, ജി മാധവൻപിള്ള എന്നിവരുടെ അനുമോദനപ്രസംഗങ്ങളും കെ.എം. ഇട്ടിയവീരായുടെ കൃതജ്ഞതാപ്രകടനവും കഴിഞ്ഞു് യോഗം മംഗളമായി പര്യവസാനിച്ചു.

ബഹുമതിബിരുദം

അമ്പലപ്പുഴതാലൂക്കിൽ തകഴി സ്വദേശിയായ ഹവീൽദാർ കേശവൻനായർക്ക് കാഷ്മീർ യുദ്ധത്തിൽ പ്രശസ്തസേവനമനുഷ്ഠിച്ചതിന് Mentioned in the Despatch എന്ന ബഹുമതി നാംകിയിരിക്കുന്നു

WANTED

One personal lady clerk — qualificati n at least Intermediate preferably knowing Typing-scale 75-5-125 with free quarters- Apply/ S. C/o Desabandhu, Kottavam

WANTED

A trained teacher to be appointed in S. D. P. S. Ponkunnam.

KERALA HINDI COLLEGE,

(K. K. ROAD, KOTTAYAM.)

Classes commence from **15th Sept:**

Pradhamic to Visarad (D. B. H. Sabha).

Hindi VIDWAN Preliminary & Final

(Travancore University)

Special coachings for High School & College Students and also for Officers. Hostel attached!!

For details apply to:—

Vidwan Pt. Narayana Dev S. B. & Hindi Hons.

Asok. PRINCIPAL.

THE SWARAJ NAVIGATION, ALLEPPEY.

(Props: SWARAJ INDUSTRIES Ltd., KOTTAYAM.)

MG: DIRECTOR: K. N. SANKUNNI PILLAI, B. A., B. L. *Phone:* **280.**

Parcel Transport, Railway & Ship Clearing.

We have pleasure to advise that, in addition to our Parcel Office already opened at Chenthitta, Trivandrum We have now **Opened a Branch at Nagercoil** also (Near Clock Tower) to facilitate the Transport of Parcels up to that end.

As we hold our Parcel Offices at Ernakulam, Cochin, Vaikom, Kottayam, Changanacherry, Alleppey, Quilon, Kayamkulam, Trivandrum etc., and have arrangements for the regular transport of goods between all these centres, the business people who have to send Parcels from there to Nagercoil & Surrounding places, would find it as a great advantage as they could get free from the unnecessary delay & difficulties experienced in the transport of these parcels

Railway & Ship Clearing also promptly undertaken and you will get your goods at your door by entrusting us with your B/L, R/R and Way-Bill

For the prompt & efficient **CLEARING** works for the Quick & Safe **TRANSPORT of PARCELS** please contact us:

SUPERINTENDENT.

അറിയിപ്പ്

എന്റെ ഭാര്യ കല്ലുക്കിഴക്കേതിൽ ലക്ഷ്മിക്കുട്ടിയമ്മ എന്ന സ്ത്രീക്ക് കുറച്ചുമാസമായി സ്ഥിരബുദ്ധിയില്ലാതെ കുടുംബഭാരത്തിനു കാരണമായിരിക്കുന്നു. കാരണം അന്വേഷിച്ചതിൽ ആരോ കൈവിഷംകൊടുത്തതായുംഅറിയുന്നു. എന്റെ അറിവും സമ്മതവും കൂടാതെ ടിയാൾചെയ്യുന്ന യാതൊരു കരണവും അസാധുവാണെന്നുള്ള വിവരം ഇതിനാൽ പ്രസിദ്ധം ചെയ്യുന്നു.

എന്നു്, മാധവൻപിള്ള(ഒപ്പ്)

കല്ലുക്കിഴക്കേതിൽവീട്,

തൃക്കൊടിത്താനം.

9-8-52.

ഇരുമ്പുകലപ്പകൾ

ഉടനെ വിതരണം ചെയ്യും

ന്യൂഡൽഹി, സെ: 8

ഇൻഡ്യയിലെ കൃഷിക്ക് പ്രത്യേകം ഉണ്ടാക്കിയതും കാളകൾക്കു പ്രയാസംകൂടാതെ വലിക്കാവുന്നതും ലഘുഘടനയോടുകൂടിയതുമായ ഒരുതരം പുതിയ ഇരുമ്പുകലപ്പകൾ ഇപ്പോൾ ധാരാളമായി നിർമ്മിച്ചുകൊണ്ടിരിക്കുന്നു. താമസിയാതെതന്നെ ഏററവും പ്രയോജനകരമായ ഈ കലപ്പകൾ വിതരണം ആരംഭിക്കുന്നതാണ്. യൂറോപ്പിനും ഏഷ്യയ്ക്കും ധനസഹായം നൽകുന്ന അമേരിക്കൻ സഹകരണസംഘടനയായ "കെയർ" ഈ കലപ്പകൾ ഇൻഡ്യയിലെ ദരിദ്ര കർഷകർക്കു, കൃഷിസംഘങ്ങൾക്കും, കൃഷിവിദഗ്ദ്ധന്മാർക്കും വിതരണം നടത്താമെന്നു സമ്മതിച്ചിട്ടുണ്ട്. ഇൻഡ്യയിൽ ഉണ്ടാകുന്ന ഭക്ഷ്യപദാർത്ഥങ്ങളുടെ 98 ശതമാനവും കാളകൾ വലിക്കുന്ന കൃഷിയായുധങ്ങ

THE DESABANDHU

മോഹനാദർശങ്ങൾക്ക് ഭ്രാന്തമായ മാർഗ്ഗങ്ങൾ

ദീർഘദൃഷ്ടിയില്ലായ്മയും ചിന്താശൂന്യതയും നിന്ദ്യം— ആർ. ശങ്കറിന്റെ ശക്തിമത്തായ ഉൽബോധനം

കൊല്ലം, സെ: 8

എസ്. എൻ. ഡി. പി. യോഗം ജനറൽസെക്രട്ടറി ആർ. ശങ്കർ ഇന്നലെ നടന്ന കൊല്ലം സമ്മേളനത്തിൽ സമർപ്പിച്ച റിപ്പോർട്ടിൽ, സമുദായാംഗങ്ങളിൽ ചിലരിൽ കാണുന്ന ദീർഘദൃഷ്ടിയില്ലായ്മയേയും ചിന്താശൂന്യതയേയും പററി ഏററവും ഏദയസ്പൃക്കായ ഭാഷയിൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.

"ഒരു വഴിക്കുകൂടി ശാശ്വതമായ അടിസ്ഥാനമിട്ട പ്രവർത്തിക്കുന്ന നാം മററൊരുവശത്ത് ദീർഘദൃഷ്ടിയില്ലാത്തവരും ചിന്താശൂന്യരുമായി കാണപ്പെടുന്നു. എസ്. എൻ. ഡി. പി. യോഗം ആരംഭിച്ചിട്ട് അര ശതാബ്ദത്തോളമായെങ്കിലും, പ്രാഥമികമായ മനുഷ്യാവകാശങ്ങൾ സമ്പാദിക്കുന്നതിന് നാം ഫലവത്തായ പല പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ടെങ്കിലും, നമ്മുടെ സമുദായം ചിന്താശക്തിയുള്ള പുരുഷപ്രാപ്തിയിലേയ്ക്ക് ഇനിയും എത്തിച്ചേർന്നിട്ടില്ലെന്നു തോന്നിപ്പോകുന്നു....നമ്മുടെ സമുദായം ശൈശവദശയെ തരണംചെയ്തു കഴിഞ്ഞിട്ടേയുള്ളു. ഇന്നത്തെ ദശ യൗവ്വനാരംഭം മാത്രമാണെന്നു പറയാം. ഈ യൗവ്വനാരംഭകാലം വളരെ കരുതലോടുകൂടി നയിച്ചില്ലെങ്കിൽ ആപത്തുണ്ടാകുന്ന കാലമാണ്....കഴിഞ്ഞകാലത്തെ നമ്മുടെ പ്രവർത്തനങ്ങൾ വികാരങ്ങളുടേയും ആവേശത്തിന്റേയും പ്രകടനങ്ങൾകൊണ്ട് ഏറെക്കുറെ മുഖരിതമായിരുന്നു. അന്നത്തെ ഉദ്ദേശസാഫല്യത്തിന് അവ അനുഗുണവുമായിരുന്നു..... വളരെക്കാലത്തെ പരിചയംകൊണ്ട് നാം പ്രക്ഷോഭണകുതുകികളായിത്തീർന്നു. പ്രക്ഷോഭണമൊന്നുമില്ലെങ്കിൽ സംഘടിതപ്രവർത്തനത്തിനു സ്ഥാനമില്ലെന്നുതന്നെവിശ്വസിക്കുന്ന പലരും നമ്മുടെയിടയിലുണ്ട്. പക്ഷേ അടിസ്ഥാനം മാറിപ്പോയകാര്യംനാംവിസ്മരിക്കരുത്. ഇന്ന് വഴി നടക്കാൻ പ്രതിബന്ധമില്ല; വിദ്യാലയങ്ങളിൽ ഇഷ്ടംപോലെ പോയി പഠിക്കാം; ഹൈന്ദവക്ഷേത്രങ്ങളിലെല്ലാം എല്ലാ ഹൈന്ദവർക്കും പ്രവേശിക്കാം; ജാതിയുടെ ആചരണം രാഷ്ട്രം അംഗീകരിക്കുന്നില്ലെന്ന് മാത്രമല്ല അതിനെ നിയമംമൂലം തടയുകയും ചെയ്തിരിക്കുന്നു. പ്രായപൂർത്തിയായവർക്കെല്ലാം സമ്മതിദാനാവകാശം ലഭിക്കുകയും; ഇന്ത്യൻ യൂണിയന്റെ പ്രസിഡണ്ടുസ്ഥാനത്തേക്കുവരെ ഉയരുവാനുള്ള മാർഗ്ഗം ഓരോരുത്തർക്കും തുറക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഭൂരിപക്ഷം ഭരിക്കുന്ന കാലമായി; ഭൂരിപക്ഷത്തിന്റെ അഭിപ്രായമനുസരിച്ച് എല്ലാ നിയമങ്ങളും നിർമ്മിക്കാനും നടപ്പിൽ വരുത്താനും സാധിക്കുമാറായി. ഈ മാററത്തിന്റെ അർത്ഥം ഉള്ളതുപോലെ നാം മനസ്സിലാക്കണം. ഇനിയും അസമത്വങ്ങളോ അവശതകളോ ഉണ്ടെങ്കിൽ നാം സ്വയം അവയെ മാററുവാൻ ഒരുങ്ങിക്കൊള്ളുകയാണു വേണ്ടത്. അതിനായി ബോധപൂർവം ഒത്തൊരുമിച്ച പ്രവർത്തിച്ചാൽ ഫലമുണ്ടാകും. എന്നാൽ നാം എന്താണു ചെയ്യുന്നത്, മോഹനങ്ങളായ ആദർശങ്ങളെ ഭ്രാന്തമായ മാർഗ്ഗങ്ങളിൽക്കൂടി പ്രയോഗത്തിൽ വരുത്തുവാനുള്ള വ്യഗ്രത കുറേപ്പേരെ ഗ്രസിച്ചിരുന്നു. ഇനി എന്തുചെയ്യണം നാം പുരോഗമിക്കേണ്ടതെന്നുചിന്തിച്ചുറയ്ക്കാതെ അലസമായി അങ്ങോട്ടും ഇങ്ങോട്ടുംനോക്കിവളരെപ്പേർ കഴിയുന്നു. രാജ്യത്തോടൊത്ത് സമുദായവും പുരോഗമിച്ച് എല്ലാത്തരം ഉച്ചനീചത്വങ്ങളും നശിപ്പിക്കേണ്ടതിലേക്കു നമുക്ക് കൈവന്നിരിക്കുന്ന, സാമൂഹ്യരാഷ്ട്രീയ സമത്വസ്വാതന്ത്ര്യങ്ങൾ ബുദ്ധിപൂർവമായി കൈകാര്യം ചെയ്യണമെന്നു മോഹിക്കുന്നവർ അമ്പരന്നുപോകത്തക്ക സാഹചര്യങ്ങളാണ് ഇന്നുണ്ടായിക്കാണുന്നത്. വിവിധങ്ങളായ ചിന്താഗതികളാൽ മഹിതമായ ഒരു ജനസമൂഹമാണ് നമ്മുടേതു. ഒന്നിരുന്നു ശാന്തമായി ചിന്തിക്കുവാനോ, കരുതലോടുകൂടി പ്രവർത്തിക്കുവാനോ നാം തയ്യാറില്ല. നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ചരിത്രവും സാമൂഹ്യമായ പ്രവർത്തനങ്ങളും ശാസ്ത്രദൃഷ്ട്യാ അപഗ്രഥനം ചെയ്ത് മേൽ ഉണ്ടാകേണ്ട പരിവർത്തനങ്ങൾ ഇവിടത്തെ പ്രത്യേക സാഹചര്യങ്ങളിൽ ഏതുപ്രകാരത്തിൽ ഉണ്ടാക്കിത്തീർക്കണമെന്നു ഗാഢമായി ആലോചിക്കുന്നവർ വളരെ ചുരുക്കമാണ്. അന്യരാജ്യങ്ങളിലെ പ്രത്യേക സാഹചര്യങ്ങളിൽ അവിടെ ഉണ്ടായിട്ടുള്ള പരിവർത്തനങ്ങൾ അതേ രീതിയിൽ ഇവിടെ ആവർത്തിക്കാമെന്ന് ചിലർ വിചാരിക്കുന്നു. അതു ഉദ്ദിഷ്ടസാധ്യമാണെന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം.

ഓരോ ജനതയ്ക്കും ഓരോ രാഷ്ട്രത്തിനും ഓരോ പ്രത്യേക ശക്തി വിശേഷങ്ങളുണ്ട്. അവയെ അവഗണിച്ചുകൊണ്ടുള്ളപോക്ക് നന്മയ്ക്കു എങ്ങും എത്തിക്കുകയില്ല.....എന്തുകൊണ്ട് മററൊരു ജനതയ്ക്കും സ്വീകാര്യമല്ലാതിരുന്ന അക്രമരഹിതമാർഗ്ഗങ്ങളിൽ കൂടി നമുക്കു രാഷ്ട്രീയ സ്വാതന്ത്ര്യം കരസ്ഥമാക്കാൻ കഴിഞ്ഞു. അന്തർദേശീയരംഗത്ത് ആവിർഭവിച്ചിരിക്കുന്ന വ്യക്തമായ രണ്ടു സശക്തഗ്രൂപ്പുകളിൽ ഏതിനോടെങ്കിലും ചേരാതെ എന്തുകൊണ്ടു സ്വതന്ത്രഭാരതം പ്രത്യേക മാർഗ്ഗമായി നിലകൊള്ളുന്നു. ഈ സംഭവങ്ങൾക്കെല്ലാം ശാസ്ത്രീയമായ കാരണങ്ങളുണ്ട്. ഒരു രാജ്യം അതിന്റെ സാഹചര്യങ്ങളെ മറികടന്നുകൊണ്ടോ, മറന്നുകൊണ്ടോ പുരോഗമിക്കയില്ല. ആധുനികലോകത്തിൽ ഭാരതത്തിനു സുപ്രധാനമായ ഒരു ഭാഗം അഭിനയിക്കാനുണ്ട്. അതിനാവശ്യമായ പരിവർത്തനം ഈ രാജ്യത്തിനകത്തുനിന്നുതന്നെ നമ്മുടെ ദേശീയപാരമ്പര്യത്തിനൊത്തവിധം രൂപംകൊള്ളുകയാണ്. ബുദ്ധിപൂർവം നോക്കിനിന്ന് അതിനൊത്തവിധം പ്രവർത്തിച്ച് ഈ രാജ്യത്തു ശേഷിച്ചിട്ടുള്ള അസമത്വങ്ങളും അവശതകളും ദൂരീകരിക്കണം..... നമ്മുടെ താല്പര്യങ്ങളുടെ സംരക്ഷണത്തിനുബാഹ്യപ്രേരണകൂടാതെ ഒരുമയോടുകൂടി നിൽക്കുവാനുള്ള ആന്തരികമായ ബോധം നമുക്കു വരണം. ആ ബോധമുള്ളവർ നന്മേയും പിൻതള്ളപ്പെടാതെ പ്രായോഗികരംഗത്തു വിജയം വരിക്കുന്നു. നാമാണെങ്കിൽ കൈവന്ന ശക്തികളെ ശിഥിലീകരിക്കത്തക്കവണ്ണം പല രംഗങ്ങളിൽ പ്രവർത്തിച്ചു ദുർബലരുമായി തീരുന്നു. ബുദ്ധിയാൽ നിയന്ത്രിതമായ വികാരമാണ് മനുഷ്യനെ ഭൗതിക രംഗത്തു വിജയിപ്പിക്കുന്ന മഹാശക്തി. ആ ശക്തി ബോധപൂർവം ആർജ്ജിക്കുവാൻ നാം ശീലിക്കണം. ആ വഴിക്കാണ് നമ്മുടെ ഉയർച്ച, നമ്മുടെ വിജയം.

പോലീസ് വെടിവയ്പ്

അന്വേഷണം നടത്തണം

ഹൈദ്രബാദ്, സെ: 9

ഹൈദ്രബാദിൽ അടുത്തകാലത്തുണ്ടായ കുഴപ്പങ്ങളെ തുടർന്ന് അറസ്റ്റുചെയ്യപ്പെട്ട എല്ലാവരേയും ഉടനടി മോചിപ്പിക്കണമെന്നും പോലീസ് വെടിവയ്പുകളെപ്പററി പൊതുജന സഹകരണത്തോടുകൂടി ഒരു ജൂഡീഷ്യൽ എൻക്വയറി നടത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഹൈദ്രബാദ് നിയമസഭയിലെ ജനകീയജനാധിപത്യ (കമ്യൂണിസ്റ്റ്) മുന്നണിയുടെ ലീഡറായ വി. ഡി. ദേശപാണ്ഡേ, കൗൺസിൽ ഓഫ് സ്റ്റേററ്സിലെ കമ്യൂണിസ്റ്റ് മെമ്പറന്മാരായ ഡോ: രാജ് ബഹദൂർ, വി. കെ. ധാഗെ എന്നിവർ ചേർന്ന് ഇന്നു ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

ഹൈദ്രബാദിൽ നടന്ന പ്രക്ഷോഭണത്തിനു പ്രധാന കാരണം സാമ്പത്തികമാണെന്ന് അവർ അഭിപ്രായപ്പെട്ടിരിക്കുന്നു.

(പി. ററി. ഐ.)

പശുക്കുട്ടി ബമ്പറിൽ

(സ്വ-ലേ)ആലപ്പുഴ, സെ: 9

ഇന്നലെ രാവിലെ കൈതവനഭാഗത്തുകൂടിപ്പോയ ഒരു കാറ്, റോഡിൽനിന്ന രണ്ടു പശുക്കുട്ടികളുടെ ദേഹത്തു മുട്ടുകയും അതിൽ ഒരു പശുക്കുട്ടിയെ ബമ്പറിൽ തൂക്കിയിട്ട് പാഞ്ഞുപോകയും ചെയ്തു. ഈ സമയം എതിരേവന്ന ഒരു കാറിലെ യാത്രക്കാർ, ബമ്പറിൽ തൂങ്ങിക്കിടക്കുന്ന പശുക്കുട്ടിയെക്കാണുകയും ആ കാറ് നിറുത്തിച്ച് പശുക്കുട്ടിയെ രക്ഷപെടുത്തുകയും ചെയ്തു.

കോട്ടയം

(സ്വ-ലേ) സെപ്തമ്പർ 10

മുണ്ടക്കയം സംഭവം മേലിൽ ആവർത്തിക്കപ്പെടാതിരിക്കുവാൻ ഗവർമ്മെന്റു സുശക്തമായ നടപടി കൈക്കൊള്ളണമെന്നു ഡി. സി. സി. ഒരു നിശ്ചയം പാസ്സാക്കിയിരിക്കുന്നു.

ഡിസംബർമാസത്തിൽ നടത്തുന്ന വാട്ടർസ്പോർട്ട്സിൽ, ഡൈവിംഗ്, സ്വിമ്മിംഗ് ഇവ കൂടാതെകൊച്ചുവള്ളമത്സരം, വാട്ടർപൊളോ, ഊന്നുമത്സരം മുതലായവയും നടത്തുവാൻ വലിയപള്ളി ഇടയ്ക്കാട്ടുസ്കൂളിൽവച്ചു കൂടിയ യോഗത്തിൽ തീരുമാനിച്ചിരിക്കുന്നു.

അവശസമുദായ ഡിപ്പാർട്ടുമെന്റധ്യക്ഷൻ അവശസമുദായക്കാരനായിരിക്കണമെന്ന് അവശക്രൈസ്തവ ഫെഡറേഷൻ കീഴ്ക്കുന്നശാഖക്കാർ ഒരു നിശ്ചയം പാസ്സാക്കിയിരിക്കുന്നു. അടുത്ത മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ 3-ാംവാർഡിൽ ഒരു അവശക്രൈസ്തവസ്ഥാനാർത്ഥിയെ അംഗീകരിക്കണമെന്നനിശ്ചയം പാസ്സാക്കിയിട്ടുണ്ട്. ഈ വാർഡിൽ വോട്ടറന്മാരിൽ ഒരു ഭൂരിപക്ഷം ഹിന്ദുക്കളാണെന്നാണറിവ്.

അമ്പലപ്പുഴ-ചേർത്തല ദുരിതാശ്വാസത്തിനായി അയ്മനം റിലീഫ് പ്രവർത്തകർ 59 രൂ. 13 ണ. 8 സ. പിരിച്ചെടുത്തു കോട്ടയത്തെ കേന്ദ്രക്കമ്മററിയെ ഏൽപ്പിച്ചിരിക്കുന്നു.

അഖിലലോക ക്രൈസ്തവയുവജനസമ്മേളനം ഡിസംബർ 11 മുതൽ 25 വരെ തീയതികളിൽ ഇവിടെവച്ചു നടക്കുന്നതാണ്.

തൊഴിലാളിമർദ്ദനത്തെ പ്രതിഷേധിക്കുവാൻ തിരുനക്കരമൈതാനത്തുവച്ചു തിങ്കളാഴ്ച വൈകിട്ടു ചേർന്ന ഒരു തൊഴിലാളിയോഗത്തിൽ സ: ജനാർദ്ദനക്കുറുപ്പിന്റെ വിമർശനപരിധിയിൽപ്പെട്ട ചില വ്യക്തികളെപ്പററി ചെയ്ത പ്രസ്താവന രുചിക്കാതെ വന്ന ഒരു തൊഴിലാളി, പ്രതിഷേധം പുറപ്പെടുവിച്ചതായും മററുതൊഴിലാളികൾ ആ തൊഴിലാളിയെ വട്ടമിട്ടതായും അറിയുന്നു

കോട്ടയം മതഭാഗത്ത് ഒരു അഞ്ചു ചതുരശ്രമൈൽ സ്ഥലത്തിനുള്ളിൽ ഒരു പ്രൈമറിപാഠശാലയില്ലാത്തതിന്റെ വൈഷമ്യത്തെയും പാഠശാല അനുവദിക്കേണ്ടതിന്റെ ആവശ്യകതയേയും പററി കോട്ടയം മത സഹകരണസംഘ പ്രവർത്തകന്മാർ ഒരു നിവേദനപത്രിക അധികൃതർക്കു സമർപ്പിച്ചിട്ടുള്ളതായറിയുന്നു.

അഷ്ടമിരോഹിണിപ്രമാണിച്ചു നാളെ പബ്ളിക്ക് അവധിദിവസമായിരിക്കുന്നതാണ്.

പണം തിരിച്ചുകിട്ടും

(സ്വ-ലേ)കൊല്ലം, സെ: 9

സെൻട്രൽ ഗവർമ്മെന്റിന്റെ എക്സൈസ് ഡിപ്പാർട്ടുമെന്റിലേക്കു വ്യാപാരികൾ കെട്ടിവച്ചിട്ടുള്ള 50 രൂപയും മുപ്പത്തിഏഴരരൂപയും തിരിയെ കൊടുക്കുന്നതിനുള്ള ആർഡർ അനുസരിച്ച് ഇവിടെ ട്രഷറിയിൽനിന്നും വ്യാപാരികൾക്കു പണം ലഭിക്കുന്നതാണെന്ന് അറിയുന്നു.

മദ്രാസ് മുഖ്യമന്ത്രി ഇന്റേററിലേയ്ക്ക് പോകുന്നില്ല

മദ്രാസ്, സെ: 9

അനാരോഗ്യംമൂലം മദ്രാസ് മുഖ്യമന്ത്രി സി. രാജഗോപാലാചാരി, എ. ഐ. സി. സി. സമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി ഇന്റേററിൽപോകുന്നതല്ല.

A.S.S. മാർക്കി
നല്ലെണ്ണ വാങ്ങുവിൻ

പുൽത്തൈലം

(സ്വ.ലേ)കുറപ്പുഴ, സെപ്തം. 9

പുൽത്തൈലം 80രൂ.

(സ്വ-ലേ) ആലപ്പുഴ, സെപ്തം. 9

എണ്ണ കൊച്ചി	480	0	0
പിണ്ണാക്ക്	92	8	0
എണ്ണ ആലപ്പുഴ	472	8	0
പിണ്ണാക്ക് ടി	87	8	0
കൊ: പുകരാശി	325	0	0
തെളിവ്	330	0	0
റായിമുക്	350	0	0
കുരുമുളക് പാലാ	3450	0	0
ടി തെക്കൻ	3400	0	0
ചുക്ക്	460	0	0
മഞ്ഞൾ	90	0	0
തങ്കം ബാററ്ലാ	92	12	0
പവൻ	63	8	0
സ്വർണ്ണം	60	0	0
വെള്ളി	163	0	0
ചില്ലറ	1	11	0

Edited by R. K. Kartha, and Printed & published by C. M. Sankara Pillai at the Swaraj Printing Works, Kottayam

ഈജിപ്തിൽ ഭൂനയപരിഷ്ക്കാരവും രാഷ്ട്രീയപാർട്ടികളുടെ പുനഃസംഘടനയും

ജന: നഗീബ് മന്ത്രിസഭയുടെ രണ്ട് ഉത്തരവുകൾ— നഗീബ്, സൈനികഗവർണ്ണർജനറലുമായി— ഫറൂക്കുരാജാവിന്റെ അഭിപ്രായം

കയ്റോ, സെ: 9

കയ്റോവിലെ ഏററവും പുതിയ സംഭവവികാസങ്ങളെപ്പററി എന്തെങ്കിലും പ്രസ്താവിക്കുന്നതിന് സ്ഥാനത്യാഗം ചെയ്ത ഈജിപ്തിലെ ഫറൂക്ക് രാജാവ് വിസമ്മതിച്ചിരിക്കുന്നു.

സമ്പർക്കം പുലർത്തുന്നില്ല

'കഴിഞ്ഞ ജൂലായ് മാസത്തിൽ നടന്ന സൈനിക വിപ്ളവത്തിനുശേഷം ഈജിപ്തിലെ ഗവർമ്മെന്റുമായി എനിക്കു യാതൊരു സമ്പർക്കവുമില്ലാ' എന്ന് അദ്ദേഹം വ്യക്തമാക്കി.

അമേരിക്കയിലേക്കു താൻ ഉടനടിപോകുമെന്നും മുസോലിനിയുടെ മുമ്പിലത്തെ ഒരു കെട്ടിടം താൻ വിലയ്ക്കുവാങ്ങിയെന്നും സ്വിററ്സർലൻറിലെ ഒരു സ്കൂളിൽ തന്റെ പെൺമക്കൾക്ക് പ്രവേശനം നിഷേധിച്ചുവെന്നും പത്രങ്ങളിൽകണ്ടറിപ്പോർട്ടുകൾ അടിസ്ഥാനരഹിതമാണെന്ന് അദ്ദേഹം ഒരു ഇററാലിയൻ പത്രലേഖകനോട് തുടർന്നു പ്രസ്താവിച്ചു.

നഗീബ്, ഗവർണ്ണർജനറലായി നിയമിക്കപ്പെട്ടു

കയറോ, സെ: 9

ഈജിപ്തിലെ പ്രധാനമന്ത്രി സ്ഥാനം ഏററെടുത്ത ജനറൽ മഹമ്മദ് നഗീബ്, ഈജിപ്തിലെ സൈനികഗവർണ്ണർ ജനറലായും നിയമിക്കപ്പെട്ടിരിക്കുന്നു. പുതിയ ഈജിപ്ഷ്യൻ മന്ത്രിസഭയുടെ ഒരു സമ്മേളനത്തിനുശേഷമാണ് ഈ നിയമനപ്രഖ്യാപനമുണ്ടായതു്. പുതിയ മന്ത്രിസഭ രണ്ടു ഉത്തരവുകൾ പാസ്സാക്കി.

ഭൂനയവും രാഷ്ട്രീയ കക്ഷികളുടെ പുനഃസംഘടനയും

(1) ഒരാൾ 200 ഏക്കറിൽ കൂടുതൽ കൃഷിഭൂമി കൈവശം വയ്ക്കുവാൻപാടില്ല (2) ഈജിപ്തിലെ എല്ലാ രാഷ്ട്രീയകക്ഷികളും പുനഃസംഘടിപ്പിക്കണം.

ഭൂനയവ്യവസ്ഥകൾ

ഒരാളുടെ കൈവശം 200 ഏക്കറിൽ കൂടുതലുള്ള ഭൂമി ഗവർമ്മെന്റ് 5 വർഷത്തേയ്ക്കു കൈവശപ്പെടുത്തുന്നതാണ്. 200 ഏക്കറിൽ കൂടുതൽ കൃഷിഭൂമിയുള്ള ഒരാൾക്ക് തന്റെ മക്കൾക്ക് ഓരോരുത്തർക്കും 50 ഏക്കർവരെ വിൽക്കാവുന്നതാണ്. എന്നാൽ 100 ഏക്കറിൽ കൂടുതൽ വിൽക്കാൻ അനുവദിക്കുന്നതല്ല. അതായതു് ഒരു കുടുംബത്തിൽ ഒരാത്തം കൈവശം വയ്ക്കാവുന്ന കൃഷിഭൂമി 300 ഏക്കറായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഭൂമിയുടെ വില, പാട്ടത്തുകയുടെ പത്തിരട്ടിയായും ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ഏതെങ്കിലും ഭൂസ്വത്തുടമസ്ഥന്റെ പക്കൽ 200 ഏക്കറിൽ കൂടുതലുള്ള ഭൂമിക്ക്, ഇപ്പോഴത്തെ നിരക്കിലും 5 ഇരട്ടി കൂടുതൽ നികുതി 5 വർഷത്തേയ്ക്കു വർദ്ധിപ്പിക്കുന്നതാണ്. പാട്ടക്കാരും ഭൂവുടമസ്ഥന്മാരും തമ്മിലുള്ള ബന്ധവും കർഷകത്തൊഴിലാളികളുടെ ശമ്പളവും വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. കർഷക തൊഴിലാളികൾക്ക് സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി ട്രേഡ്യൂണിയനുകൾ സ്ഥാപിക്കാനും അനുവദിക്കുന്നതാണ്. കൃഷിഭൂമി 5ഏക്കറിൽകുറവുള്ള ഭൂവുടമസ്ഥന്മാർ, കോ-ഓപ്പറേററീവ് സൊസൈററികളിൽ അംഗങ്ങളാകേണ്ടതാണ്. ഭൂമി കൂടുതലുള്ള ഉടമസ്ഥന്മാരുടെ ചൂഷണങ്ങളിൽനിന്നു രക്ഷിക്കാനാണ് ചെറുകിട ഉടമസ്ഥന്മാർ കോ-ഓപ്പറേററീവ് സൊസൈററികളിൽ അംഗങ്ങളാകണമെന്നു വ്യവസ്ഥചെയ്തിട്ടുള്ളതു്. വലിയ ഭൂവുടമസ്ഥന്മാർക്കു ഒരു സൗജന്യം അനുവദിച്ചിട്ടുണ്ട്. അവരുടെ കൂടുതലുള്ള കൃഷിഭൂമി ഗവ: ന്റെ കൈവശത്തിലിരിക്കുന്ന 5 വർഷക്കാലത്തേയ്ക്കു്, ചെറുകിട ഭൂവുടമസ്ഥന്മാർക്ക് ഭൂമിവിൽക്കാവുന്നതാണ്. എന്നാൽ ഭൂമി വാങ്ങുന്ന ഭൂവുടമസ്ഥന്മാർ ഭൂമി വില്ക്കുന്നവരുടെ ബന്ധുക്കളായിരിക്കരുതു്. ഏതായാലും ഇക്കാര്യത്തിൽ മുൻകൈ എടുക്കേണ്ട ചുമതല വൻകിട ഭൂവുടമസ്ഥന്മാർക്കാണുള്ളതു്. കൂടുതലുള്ള ഭൂമി ഗവ. കൈവശപ്പെടുത്തുമ്പോൾ അതിനു ഗവ: നഷ്ടപരിഹാരം നൽകുന്നതായിരിക്കും. ഗവ: ന്റെ 3 ശതമാനം പലിശ കിട്ടുന്നതും 30 വർഷക്കാലം കൊണ്ടു് പണം കിട്ടുന്നതുമായ ബോണ്ടു് ആയിരിക്കും നൽകുക. പുതിയ ഭൂനിയമം ലംഘിക്കുന്നവർക്ക് തടവുശിക്ഷ നൽകുന്നതുകൂടാതെ അവരുടെ വസ്തുവകകൾ കണ്ടുകെട്ടുന്നതുമാണ്.

രാഷ്ട്രീയകക്ഷികൾ

രാഷ്ട്രീയപാർട്ടികൾ പുനഃസംഘടിപ്പിക്കുന്നതു സംബന്ധിച്ചുള്ള ഉത്തരവ് അനുസരിച്ച്, ഏതെങ്കിലും ഒരുരാഷ്ട്രീയപാർട്ടി രൂപവൽക്കരിക്കുവാൻഉദ്ദേശിക്കുന്ന ഒരാൾആവിവരം ഒരുരജിസ്റ്റർ കത്തുമുഖേന ആഭ്യന്തരകാര്യമന്ത്രിയെ അറിയിക്കേണ്ടതാണ്. പാർട്ടിയുടെ ലക്ഷ്യങ്ങളുംപാർട്ടി രൂപവൽക്കരിക്കുന്നതിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ പേരുവിവരവും ബാലൻസ് ഷീററും മററു വിവരങ്ങളും കത്തിൽ കാണിച്ചിരിക്കണം. എല്ലാ രാഷ്ട്രീയപാർട്ടികളും അവയുടെ ഫണ്ട് ഒരു എസ്റ്റാബ്ളിഷ്ഡ് ബാങ്കിൽ നിക്ഷേപിക്കണം. കൂടാതെ ഒരു പൊതുയോഗത്തിൽ ഒരു ബാലൻസ്ഷീററും അവതരിപ്പിക്കണം. ഉത്തരവു നടപ്പാക്കുന്ന അവസരത്തിൽ നിലവിലുള്ള രാഷ്ട്രീയപാർട്ടികൾ, ഉത്തരവിലെ വ്യവസ്ഥകളനുസരിച്ചു പുനഃസംഘടിപ്പിക്കേണ്ടതാണ്. ക്രിമിനൽക്കുററം, അധികാരദുർവിനിയോഗക്കുററം, വിദേശശക്തികളിൽനിന്നു പണം വാങ്ങിയകുററം തുടങ്ങിയവ സംബന്ധിച്ച് തടവുശിക്ഷ അനുഭവിച്ചിട്ടുള്ള ഒരാൾക്ക് ഒരു രാഷ്ട്രീയ പാർട്ടിയിലും അംഗമാകുവാൻ പാടില്ല. ഉത്തരവു നടപ്പിലായി 15 ദിവത്തിനകം, പാർട്ടിയുടെ എല്ലാ ഫണ്ടും ഒരു എസ്റ്റാബ്ളിഷ്ഡ് ബാങ്കിൽ നിക്ഷേപിക്കാത്ത പാർട്ടി ട്രഷറർക്ക് തടവുശിക്ഷ നൽകുന്നതായിരിക്കും.

നേപ്പാളിലെ ഉപദേശകഭരണം

തൽക്കാലം അവസാനിക്കുന്ന ലക്ഷണമില്ല—ഉപദേശകഭരണത്തിൽ ജനങ്ങൾ അസംതൃപ്തരാണെന്ന്

ബോംബെ, സെപ്തം: 9

നിപ്പാൾ കോൺഗ്രസ്പ്രസിഡണ്ട് ബി. പി. കൊയിരാലാ, രോഗചികിത്സ സംബന്ധിച്ചുള്ള ചില ആലോചനകൾക്കായി കൽക്കട്ടായിൽനിന്നും വിമാനമാർഗ്ഗം ഇന്ന് ഇവിടെ വന്നു ചേർന്നിരിക്കുന്നു.

അദ്ദേഹം പിന്നീട് പൂനായിലേയ്ക്കു പോകുന്നതും, അവിടെവച്ച് ജയപ്രകാശനാരായണനെ കണ്ടു് നിപ്പാളിലെ തൽക്കാല രാഷ്ട്രീയസംഭവഗതികളെ അദ്ദേഹത്തെ ഗ്രഹിപ്പിക്കുന്നതാണ്.

നിപ്പാളിലെ ഉപദേഷ്ടാഭരണം (Advisory Regime) അവിടെ പുനർജ്ജനമെടുത്തിട്ടുള്ള ഗൂർക്കാ പരിഷത്തു് ഒഴികെ മററു യാതൊരു ജനവിഭാഗങ്ങൾക്കും ഇഷ്ടപ്പെടുന്നില്ലെന്നാണ് കൊയിരാലാ പത്രപ്രതിനിധികളോട് ഇവിടെവച്ചു പറഞ്ഞതു്. വേറെ ഒരു പാർട്ടിയോ സംഘടനയോ ആരംഭിക്കുന്നതു് നിഷ്ഫലമാണെന്ന് തന്റെ സഹോദരനായ എം. പി. കൊയിരാലാ കാലക്രമത്തിൽ മനസ്സിലാക്കിക്കൊള്ളുമെന്നും അദ്ദേഹം പറഞ്ഞു. തന്റെ സഹോദരൻ അങ്ങിനെയൊരു പുതിയ പാർട്ടി ആരംഭിക്കുന്നതിനുത്സാഹിച്ചു വരികയാണെന്നും ബി. പി. കൊയിരാലാ വെളിപ്പെടുത്തുകയുണ്ടായി.

കാട്ട്മാണ്ടു്, സെ. 9

"നേപ്പാളിലെ ഇപ്പോഴത്തെ ഭരണസമ്പ്രദായത്തിന് ഉടനടി മാററമൊന്നും വരുന്നതല്ലെന്നും ഉപദേശകഭരണം തുടരുന്നതാണെന്നും" നേപ്പാളിലെ ത്രിഭുവനരാജാവുമായി അഭിമുഖസംഭാഷണം നടത്തിയതിനുശേഷം ഒരു പ്രമുഖവ്യക്തി ഇന്നലെ പ്രസ്താവിച്ചു. ന്യൂഡൽഹിയിൽനിന്ന് ത്രിഭുവനരാജാവ് ഇന്ന് ഇവിടെ തിരിച്ചെത്തി.

തിരുവനന്തപുരം വാർത്തകൾ

(സ്വ-ലേ) സെപ്തം. 9

സ്ഥലംമാററം

പുളിങ്കുന്നിലേയ്ക്കു സ്ഥലം മാററപ്പെട്ട പോലീസ് സബ് ഇൻസ്പെക്ടർ വെങ്കിടേശ്വരനെ കരുനാഗപ്പള്ളിക്കും അവിടെനിന്നും രാമഭദ്രനെ പുളിങ്കുന്നിലേയ്ക്കും സ്ഥലംമാററിയിരിക്കുന്നു.

ചീഫ്സെക്രട്ടറി

സെയിൽസ്ടാക്സ് ഏകീകരണം സംബന്ധിച്ച ചർച്ചകൾക്കായി ഡൽഹിയിലേയ്ക്കു പോയിരുന്ന ചീഫ്സെക്രട്ടറി വി. എൻ. രാജൻ തിരിച്ചെത്തിയിരിക്കുന്നു.

ദുരിതനിവാരണ കമ്മററി

മുഖ്യമന്ത്രി ചെയർമാനായി സംഘടിപ്പിച്ചിട്ടുള്ള ദുരിതനിവാരണക്കമ്മററിയുടെ സെക്രട്ടറിയായി ഫിനാൻഷ്യൽ സെക്രട്ടറി സി. ഐ. എബ്രഹാമിനെ തെരഞ്ഞെടുത്തിരിക്കുന്നു.

മദ്രാസ് വിദ്യാഭ്യാസ ഡയറക്ടർ

മദ്രാസ് വിദ്യാഭ്യാസഡയറക്ടർ ഗോവിന്ദസ്വാമിരാജലു നായിഡു വിമാനമാർഗ്ഗം ഇവിടെയെത്തിയിരിക്കുന്നു.

മന്ത്രി നാടാർ

റവന്യൂമന്ത്രി ചിദംബരനാഥനാടാർ നാളെ തിരുവല്ലാ മാർക്കററ് സ്ഥലം പരിശോധിച്ചതിനുശേഷം ആലുവായിലെത്തി താമസിക്കുന്നതും 11-ാംതീയതി രാവിലെ എറണാകുളത്തിനു പോകുന്നതുമാണ്. 12-ാംതീയതി ചാലക്കുടിയും പെരിങ്ങൽക്കുത്തും സന്ദർശിച്ച് ജലസേചന പദ്ധതിക്കുവേണ്ടി വനംതെളിച്ചിട്ടുള്ളതു പരിശോധിക്കുന്നതും 13-ാംതീയതി പറമ്പിക്കുളം ടാം വേയും വനങ്ങളും സന്ദർശിക്കുന്നതും 14-ാംതീയതി ചൊക്കനവഴി തൃശ്ശൂരിൽവന്ന് പീച